*Published Online by*

**Malankara Syriac Christian Resources**
**www.SyrianChurch.org**



**Mor Athanasius Paulose Kadvil–I who translated this 'Book of Tobit' to Malayalam from the Old Testament in 1884**

*Born on December 7, 1833 at North Paravur*
*Ordained Metropolitan on November 2, 1876 by Patriarch Mor Ignatius Peter-IV*
*Metropolitan of Kottayam diocese from 1876 to1907*
*Metropolitan of Angamaly diocese from 1891 to 1907*
*Passed away on November 3, 1907*
*Entombed at Thrikkunnathu St. Mary's Church, Aluva*

# പഴയനിയമത്തിൽനിന്നും

മലങ്കരെ
കോട്ടയംഇടവകയുടെ
മാർ അത്താനാസ്യോസു മെത്രാപോലീത്തായാൽ
പരിഭാഷയാക്കപ്പെട്ടതു.

ഈ പരിഭാഷക്കു മൂലം ൭൦ പേരുടെ
നിൎണ്ണയ പ്രകാരമുള്ള സുറിയാനി താൎഗ്ഗമം;
സഹായം, ഏററവും പുരാതനമായ സുറിയാനി
പരിഭാഷയും, അംഗ്ലിയാസഭയുടെയും
റോമ്മാസഭയുടെയും ഇംഗ്ലീഷുപരിഭാഷകളും
ആകുന്നു.

ക്രിസ്ത്വാബ്ദം. ഫവ്രവ്രർ.

Cottayam:
PRINTED AT THE CHURCH MISSIONARY SOCIETY'S PRESS
1884.

Syrian Church.org

THE

# BOOK OF TOBIT.

# തുബീതിന്റെ പുസ്തകം.

## ൧ അദ്ധ്യായം.

തുബീതിന്റെ ചെറുപ്പത്തിലെ ഭക്തി. ൯. അവന്റെ വിവാഹം. ൰. അവന്റെ അടിമ. ൧൩. അവന്റെ ഉയൎച്ച. ൧൭. മരിച്ചവരെ അടക്കുന്നതിലുള്ള ധൎമ്മവും ദയസ്നേഹവും.

അസ്സൂറിയക്കാരുടെ രാ
ജാവായ ശൽമനാസാ
റിന്റെ നാളുകളിൽ, ആ
ശീറിനു മേൽ ഗ്ലീലായിൽ
നപ്താലിയുടെ ക്ദേശി
ന്റെ വലത്തു ഭാഗത്തു
ള്ള തീബാസിൽ നിന്നു
അടിമയായി കൊണ്ടു
പോയവനായി,
൨. നപ്താലിയുടെ ഗോ
ത്രത്തിൽ അശായീലി
ന്റെ സന്തതിയിൽ നി
ന്നു ഗാബായിലിന്റെ
പുത്രനായി അസദോ
യേലിന്റെ പുത്രനായി
അനാനായേലിന്റെ
പുത്രനായി ബായിയേ
ലിന്റെ പുത്രനായ തു
ബീതിന്റെ വചനങ്ങളു
ടെ പുസ്തകം.
൩. തുബീതാകുന്ന ഞാ
ൻ എന്റെ ആയുസ്സുനാ
ൾ ഒക്കയും സത്യത്തി
ന്റെയും നീതിയുടെയും
വഴിയിൽ നടന്നിരുന്നു.
അസ്സൂറിയക്കാരുടെ രാജ്യ
മായ നിനവയിലേക്കു
എന്നോടു കൂടെ പോന്നി
ട്ടുള്ള എന്റെ സഹോദ
രന്മാൎക്കും ജനങ്ങൾക്കും
ഞാൻ വളരെ കരുണ
ചെയ്തു.
൪ എന്റെ സ്വന്ത ദേ
ശമായ ഇസ്രായേൽ ദേ
ശത്തു ഞാൻ ഒരു ചെറി
യ കുഞ്ഞായിരിക്കുമ്പൊ
ൾ, ലോകത്തിന്റെ എ

ല്ലാ തലമുറകൾക്കും എ
ന്നു അതിനെ കുറിച്ച ദീ
ൎഘദൎശനം പറഞ്ഞിരിക്കു
ന്ന അത്യുന്നതന്റെ വാ
സസ്ഥലമായി: സൎവ്വ
ഗോത്രങ്ങളും പൂജിപ്പാനാ
യിട്ടു എല്ലാ ഗോത്രങ്ങളി
ൽനിന്നും തെരിഞ്ഞെടു
ക്കപ്പെട്ട ഓൎശലെം ദേ
വാലയത്തിൽനിന്നു എ
ന്റെ പിതാവായ നപ്താ
ലിയുടെ ഗോത്രം ഒക്കയും
വിട്ടുമാറി.

൫ കൎത്താവിന്റെ ഗോ
ത്രം ഒക്കയും എന്റെ പി
താവായ നപ്താലിയുടെ
ഭവനവും ബാലാ എ
ന്ന കാളകുട്ടിയെ പൂജി
പ്പാൻ പിരിഞ്ഞപ്പോൾ,

൬ സകല ഇസ്രായേ
ലിനും നിത്യകല്പനയായി
എഴുതപ്പെട്ടിരുന്ന പ്രകാ
രം ഇനിക്കുണ്ടായിരുന്ന
ആദ്യവിളവോടും കടി
ഞ്ഞൂൽ ഫലങ്ങളോടും വി
ളവുകളുടെ ദശാംശങ്ങ
ളോടും ആടുകളുടെ കടി
ഞ്ഞൂൽ കുട്ടികളോടും കൂടെ
ഞാൻ മാത്രം പല പ്രാ
വശ്യം പെരുനാളുകൾ
ക്കു ഓൎശലേമിൽ പോ
കയും ബലിപീഠത്തിൻ
മുമ്പാകെ അഹറോന്റെ
പുത്രന്മാരായ പുരോഹി
തന്മാൎക്കു കൊടുക്കയുംചെ
യ്തിരുന്നു,

൭ സകല വിളവുകളു
ടേയും ഒന്നാമത്തെ ദ
ശാംശം ഓൎശലേമിൽ
ശുശ്രൂഷിക്കുന്ന ലേവി
യുടെ പുത്രന്മാൎക്കു ഞാൻ
കൊടുത്തു വന്നു; രണ്ടാ
മത്തെ ദശാംശം ഞാൻ
വിററു കൊണ്ടു പോയി
ആണ്ടുതോറും ഓൎശലേ
മിൽ ചിലവഴിച്ചു;

൮ മൂന്നാമത്തെ ദശാം
ശം, ഞാൻ അനാഥ കു
ട്ടി ആയി തീരുകകൊ
ണ്ടു എന്റെ പിതാമഹി
ആയ ദെബോറാ എ
ന്നോടു കല്പിച്ച പ്രകാരം
ന്യായമാകുന്നവൎക്കു ഞാ
ൻ കൊടുത്തുവന്നു.

൯ ഇനിക്കു പുരുഷ
പ്രാപ്തി ആയപ്പോൾ
ഞങ്ങളുടെ ഗോത്ര സ
ന്തതി ആയ അന്നായെ
ഞാൻ വിവാഹം ചെയ്തു.
അവളിൽനിന്നു ഒരു പു
ത്രനെ ജനിപ്പിച്ചു, ഞാ
ൻ തൂബിയാ എന്ന അ
വനു പേരും വിളിച്ചു.

൧൦ ഞങ്ങൾ നിനവ



യിലേക്കു അടിമപ്പെട്ട
പ്പോൾ എന്റെ സഹോ
ദരന്മാരൊക്കയും എന്റെ
വംശക്കാരും പുറജാതിക
ളുടെ അപ്പം ഭക്ഷിച്ചു,

൧൧ എന്നാൽ ഞാൻ
ഭക്ഷിക്കാതെ എന്നെ ത
ന്നെ സൂക്ഷിച്ചു,

൧൨ എന്തുകൊണ്ടെന്നാ
ൽ ദൈവത്തെ എന്റെ
പൂൎണ്ണ ആത്മാവോടു കൂ
ടെ ഞാൻ ഓൎത്തിരുന്നു.

൧൩ അത്യുന്നതൻ ശ
ൽമനാസാറിന്റെ മുമ്പാ
കെ ദയയും കരുണയും
ഇനിക്കു ലഭിക്കുമാറാക്കി,
ഞാൻ അവനു ഭക്ഷ
ണസാധനങ്ങളെ ശേ
ഖരിക്കുന്നവനായി തീ
ൎന്നു.

൧൪ ഞാൻ മാദായിക്കു
പോയി, മാദായിലെ റെ
ഗ്യായിൽ ഗബെറിയേലി
ന്റെ സഹോദരനായ
ഗാബായേലിന്റെ ക
യ്യിൽ പത്തു താലന്തു വെ
ള്ളി ഞാൻ സംഗ്രഹിച്ചു.

൧൫ ശൽമനാസാർ മ
രിച്ചപ്പോൾ തന്റെ പു
ത്രനായ സെനഹറിബ്
തനിക്കു പകരം രാജ്യഭാ
രം ചെയ്തു, അവന്റെ
വഴികൾ ക്രമമില്ലാത്തതാ
യിരുന്നു. ഇനിക്കു മാദാ
യിക്കു പോകുവാൻ കൂ
ടെ പാടില്ലാതെ തീൎന്നു.

൧൬ ശൽമനാസാറി
ന്റെ നാളുകളിൽ എ
ന്റെ സഹോദരന്മാൎക്കു
ഞാൻ വളരെ കരുണ
ചെയ്തു. പട്ടിണിക്കാൎക്കു
എന്റെ അപ്പത്തേയും,

൧൭ നഗ്നന്മാൎക്കു വ
സ്ത്രങ്ങളേയും കൊടുത്തു
വന്നു. ഞങ്ങളുടെ വംശ
ക്കാരിൽ വല്ലവനും ച
ത്തു നിനവയിലെ കോ
ട്ടെക്കു പുറത്തുകിടക്കുന്ന
തായി ഞാൻ കണ്ടാൽ
രഹസ്യമായിട്ടു ഞാൻ
അടക്കിയിരുന്നു.

൧൮ എന്തെന്നാൽ അ
വന്റെ കോപംകൊണ്ടു
വളരെ പേരെ അവൻ
കൊല്ലിച്ചു അങ്ങനെ ഇ
രിക്കെ രാജാവു ശവങ്ങ
ളെ അന്വേഷിച്ചപ്പോൾ
കണ്ടെത്തിയില്ല;

൧൯ എന്നാൽ നിനവ
യിൽ ഉള്ളവരിൽ ഒരു
ത്തൻ ചെന്നു ഞാൻ അ
വയെ അടക്കുന്നു എന്നു
എന്നെ കുറിച്ചു രാജാവി
നോടു അറിയിച്ചപ്പോൾ

എന്നെ കൊല്ലുവാൻ അന്വെഷിക്കുന്നു എന്നു ഞാൻ ഗ്രഹിക്കകൊണ്ടു ഒളിച്ചു ഞാൻ ഭയപ്പെട്ടു മാറി.

൨൦ ഇനിക്കു ഉണ്ടായിരുന്ന സകലവും അപഹരിക്കപ്പെട്ടു. എന്റെ ഭാൎയ്യ ആയ അന്നായും എന്റെ പുത്രനായ തൂബിയായും അല്ലാതെ ഇനിക്കു ഒന്നും ശേഷിച്ചില്ല

൨൧ അമ്പതു ദിവസം കഴിയുന്നതിനു മുമ്പെ അവന്റെ രണ്ടു പുത്രന്മാരും കൂടെ അവനെ കൊന്നു അറാത്തു പൎവ്വതത്തിലേക്കു ഓടിപ്പൊയി; അവന്റെ പുത്രനായ സറഹദ്ദുനാസൊർരാജ്യഭാരം ചെയ്തു, അവന്റെ രാജ്യത്തെ സകല കണക്കിനും സകല കാൎയ്യ വിചാരത്തിനും എന്റെ സഹൊദര പുത്രനായി അനാനായേലിന്റെ പുത്രനായ അഹിയ്യൂറിനെ ആക്കി,

൨൨ അഹിയ്യൂർ ഇനിക്കു വേണ്ടി അപേക്ഷിച്ചു, ഞാൻ നിനവയിലേക്കു വന്നു. എന്നാൽ അഹിയ്യൂർ പാനപാത്രം കൊടുക്കുന്നവനും മുദ്ര സൂക്ഷിക്കുന്നവനും വിചാരിപ്പുകാരനും പ്രധാന കണക്കുകാരനും ആയിരുന്നു. സറഹദ്ദുനാസൊർ അവനെ രണ്ടാമനാക്കി അവൻ എന്റെ സഹൊദരന്റെ സന്തതി ആകുന്നു.

## ൨ അദ്ധ്യായം.

തൂബീത്തു ഭക്ഷണം ഇട്ടുംവച്ചു മരിച്ചവരെ അടക്കുവാൻ പോകുന്നതു ൻ അവൻ കുരുടനായി തീരുന്നതു

എന്നാൽ എന്റെ വീട്ടിലേക്കു ഞാൻ വന്നപ്പൊൾ എന്റെ ഭാൎയ്യ ആയ അന്നായും എന്റെ പുത്രനായ തൂബിയായും ഇനിക്കു ലഭിക്കപ്പെട്ടു. ഏഴ ആഴ്ചവട്ടങ്ങളുടെ ശുദ്ധ. പെന്തികോസ്തി പെരുനാളിൽ ഇനിക്കു ഒരു നല്ല മുത്താഴം ഒരുക്കപ്പെട്ടു എന്നാൽ ഞാൻ ഭക്ഷണത്തിനു ഇരുന്നപ്പൊൾ

൨ വളരെ പദാൎത്ഥങ്ങളെ കണ്ടു, ഞാൻ എന്റെ പുത്രനൊടു നീ ചെന്നു നമ്മുടെ സഹൊദരന്മാരിൽ കൎത്താവിനെ ഓൎക്കുന്നവനായി നീ കണ്ടെത്തുന്ന ദരിദ്രനെ കൊണ്ടുവരിക ഇതാ ഞാൻ നിനക്കായിട്ടു താമസിക്കാം എന്നു പറഞ്ഞു.

൩ അവൻ വന്നു എന്റെ പിതാവെ! നമ്മുടെ വംശക്കാരിൽ ഒരുത്തനെ ഞെക്കികൊന്നു തെരുവീഥിയിൽ ഇട്ടിരിക്കുന്നു എന്നു പറഞ്ഞപ്പൊൾ,

൪ ഞാൻ ഭക്ഷിക്കുന്നതിനു മുമ്പെ ചാടി എഴുന്നേററു: നേരം അസ്തമിക്കുന്നതുവരെ അവനെ ഭവനത്തിൽ കൊണ്ടു വന്നു വെച്ചു.

൫ ഞാൻ തിരികെ ചെന്നു കുളിച്ചു ദുഃഖത്തൊടെ എന്റെ അപ്പത്തെ ഭക്ഷിച്ചു.

൬ നിങ്ങളുടെ പെരുനാളുകൾ പ്രലാപവും നിങ്ങളുടെ സന്തോഷങ്ങൾ ഒക്കയും വിലാപവും ആയി തീരുമെന്നു പറഞ്ഞിട്ടുള്ള ആമോസിന്റെ ദീൎഘദൎശനം ഞാൻ ഓൎത്തു കരഞ്ഞു,

൭ ആദിത്യൻ അസ്തമിച്ചപ്പോൾ ഞാൻ പോയി കുഴിവെട്ടി അവനെ അടക്കി.

൮ അയല്ക്കാർ പരിഹസിച്ചു ഠരം ക്രിയ ഹേതുവായിട്ടല്ലയൊ കൊല്ലുമെന്നു ഭയപ്പെട്ടു അവൻ ഓടി പോയ്തു; ഇതാ പിന്നയും മരിച്ചവരെ അവൻ അടക്കുന്നു, എന്നു പറഞ്ഞു,

൯ ഞാൻ ശവം അടക്കിയുംവച്ചു തിരിച്ചുവന്നു, അശുദ്ധപ്പെട്ടു പോയ്തുകൊണ്ടു ആ രാത്രി ഇറയത്തെ ചുവരിന്റെ അടുക്കൽ കിടന്നുറങ്ങി.

൧൦ എന്റെ മുഖം മൂടിയിരുന്നില്ല, ചുവരിൽ പക്ഷികൾ ഉണ്ടായിരുന്നതു ഞാൻ അറിഞ്ഞുമില്ല.

൧൧ എന്റെ കണ്ണുകളെ തുറന്നപ്പൊൾ പക്ഷികൾ എന്റെ കണ്ണുകളിൽ ചൂടുള്ള മലം കാഷ്ടിച്ചു. എന്റെ കണ്ണുകളിൽ വെള്ളി ഉണ്ടായി ഞാൻ വൈദ്യന്മാരുടെ അടുക്കൽ പോയിട്ടു ഇനിക്കു ഒരു പ്രയൊജനവും വന്നില്ല.

൧൨ എന്നാൽ ഞാൻ ആലോമ്മോയീദായിലേക്കു പോയ്യവരെ അഹിയ്യർ എന്നെ പോഷിപ്പിച്ചു വന്നു.

൧൩ എന്റെ ഭാൎയ്യ ആയ അന്നാ സ്ത്രീകളുടെ ഇടയിൽ നെയിത്തു വേല ചെയ്യു തുടങ്ങി, അതിന്റെ ഉടമസ്ഥന്മാരുടെ അടുക്കൽ അവൾ പോയി. അവർ അവൾക്കു കൂലി കൊടുത്തു ഒരു മുട്ടാടിനെയും കൂടെ കൊടുത്തു.

൧൪ എന്നാൽ അവൾ എന്റെ അടുക്കൽ വന്നപ്പോൾ അതു കരഞ്ഞു തുടങ്ങി, ഞാൻ അവളോടു മുട്ടാടു എവിടെ നിന്നു; അതു മോഷ്ടിച്ചതല്ലയൊ? അതിന്റെ ഉടയക്കാൎക്കു തിരികെ കൊടുക്ക: എന്തുകൊണ്ടെന്നാൽ മോഷ്ടിച്ചതു ഭക്ഷിക്കുന്നതു ന്യായപ്രമാണ ലംഘനമല്ലയൊ, എന്നു പറഞ്ഞു?

൧൫ എന്നാൽ അവൾ, കൂലിയോടു കൂടെ സമ്മാനമായി നൽകപ്പെട്ടതാകുന്നു എന്നു പറഞ്ഞു. ഞാൻ അവളെ വിശ്വസിച്ചില്ല; അതിന്റെ ഉടയക്കാൎക്കു തിരിച്ചു കൊടുക്കണമെന്നു ഞാൻ പറഞ്ഞ അവളോടു ശണ്ഠ പിടിച്ചു.

൧൬ എന്നാൽ അവൾ എന്നോടു നിന്റെ കരുണ പ്രവൃത്തികളും നിന്റെ പുണ്യങ്ങളും എവിടെ? ഇതാ നിന്നിൽ സകലവും അറിയപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു.

## ൩ അദ്ധ്യായം.

തുബീത്തു അവന്റെ ഭാൎയ്യയുടെ ധിക്കാരം കൊണ്ടു ദുഃഖിക്കുന്നതും പ്രാൎത്ഥിക്കുന്നതും (൧൧) സാറാ അവളുടെ പിതാവിന്റെ ദാസിമാരുടെ നിന്ദയാൽ പ്രാൎത്ഥിക്കുന്നതു. (൧൭) അവരെ രണ്ടു പേരെയും ആശ്വസിപ്പിക്കുന്നതിനു ഒരു ദൈവദൂതൻ അയക്കപ്പെടുന്നതു.

ഞാൻ അതി വ്യസനത്തോടെ കരഞ്ഞു ദണ്ഡത്തോടു കൂടെ പ്രാൎത്ഥിച്ചു:

൨ കൎത്താവെ നീ നീതിയുള്ളവനാകുന്നു: നിന്റെ സകല പ്രവൃത്തികളും നിന്റെ സകല വഴികളും കരുണയും സത്യവും ഉള്ളവയാകുന്നു, സത്യവും നീതിയുമുള്ള ന്യായാധിപതി ആയുള്ളോവെ നീ എന്നേക്കും ന്യായം വിധിക്കും.



൩ നീ എന്നെ ഓൎത്തു എന്റെ നേരെ തിരിയണമെ; എന്റെ പാപങ്ങൾക്കും എന്റെ അറിവില്ലായ്മയ്ക്കും എന്റെ പിതാക്കന്മാർ നിന്റെ മുമ്പാകെ പാപം ചെയ്തതിനും എന്നോടു നീ പകരം ചോദിക്കരുതെ,

൪ എന്തെന്നാൽ നിന്റെ കല്പനകളെ അവർ ചെവിക്കൊണ്ടില്ല. ആയതുകൊണ്ടു ഞങ്ങൾ അവരുടെ ഇടയിൽ ചിതറിയിരിക്കുന്ന എല്ലാ ജാതികൾക്കും നീ ഞങ്ങളെ അപഹാരത്തിനും അടിമെക്കും മരണത്തിനും നിന്ദ്യമായ പഴഞ്ചൊല്ലിനും കൊടുത്തിരിക്കുന്നു.

൫ ഇപ്പോൾ എന്റെയും എന്റെ പിതാക്കന്മാരുടെയും പാപങ്ങൾ നിമിത്തമായിട്ടു എന്നിൽ നീ ചെയ്യുന്ന നിന്റെ ന്യായവിധികൾ വളരെ സത്യമുള്ളവയാകുന്നു, എന്തെന്നാൽ ഞങ്ങൾ നിന്റെ കല്പനകളെ പ്രമാണിച്ചിട്ടില്ല, നിന്റെ മുമ്പാകെ ഞങ്ങൾ സത്യമായി നടന്നിട്ടുമില്ല.

൬ ഇപ്പോൾ നിനക്കു തിരുവിളമാകുംവണ്ണം എന്നോടു ചെയ്യണമെ. ഞാൻ നിൎയ്യാണം പ്രാപിച്ചു മണ്ണായി തീരേണ്ടുന്നതിനു എന്റെ ആത്മാവിനെ എടുപ്പാൻ കല്പിക്കണമെ, എന്തുകൊണ്ടെന്നാൽ ഞാൻ വ്യാജനിന്ദകൾ കേട്ടിരിക്കകൊണ്ടു ജീവിക്കുന്നതിനെക്കാൾ മരിക്കുന്നതു നല്ലതു ഇനിക്കു വളരെ വ്യസനം ഉണ്ടു, കണ്ടാലും വേഗത്തിൽ അരിഷ്ടതയിൽനിന്നു നിത്യ വാസസ്ഥലത്തിലേക്കു പോകുവാൻ കല്പിക്കണമെ, നിന്റെ തിരുമുഖം എന്നിൽനിന്നു തിരിച്ചുകളയരുതെ, എന്നു പറഞ്ഞു.

൭ ആ ദിവസം തന്നെ മാദായിയുടെ എക്കബൊത്താനൊസ എന്ന പട്ടണത്തിലെ റാഗുഏലിന്റെ മകൾ സാറാ അവളുടെ പിതാവിന്റെ ദാസിമാരാൽ നിന്ദിക്കപ്പെ

SyrianChurch.org

ടുവാൻ സംഗതിവന്നു:

൮. എന്തെന്നാൽ ഏഴു പുരുഷന്മാർ അവളെ വിവാഹം ചെയ്തു. അവർ സ്ത്രീകളുടെ മുറപോലെ അവളോടു കൂടെ ചേരും മുമ്പെ അസ്മോദോസ എന്ന ദുഷ്ട പിശാച അവരെ കൊന്നു കളഞ്ഞു.

൯. അവർ അവളോടു നീ നിന്റെ ഭൎത്താക്കന്മാരെ ഞെക്കി കൊന്നതു ഓൎക്കുന്നില്ലയൊ,

൰. കണ്ടാലും നീ ഏഴു പേരെ പരിഗ്രഹിച്ചു, അവരിൽ ഒരുത്തനും നിനക്കു ശേഷിച്ചില്ലല്ലൊ! നീ എന്തിനു നിന്റെ ഭൎത്താക്കന്മാരെ കുറിച്ചു ഞങ്ങളെ തല്ലുന്നു. അവർ ചത്തെങ്കിൽ നീയും അവരോടു കൂടെ പോക നിനക്കു പുത്രനാകട്ടെ പുത്രിയാകട്ടെ എന്നെക്കും കാണുകയില്ല എന്നു പറഞ്ഞു.

൰൧ അവൾക്കു ഇത കേട്ടപ്പോൾ കെട്ടി ഞാന്നു കളവാൻ തക്കവണ്ണം അധിക വ്യസനമായി, അവൾ ഞാൻ എന്റെ പിതാവിനു ഏക പുത്രി ആകുന്നു. ഞാൻ ഇതു ചെയ്താൽ അവനു നിന്ദ്യമാകും അവന്റെ വാൎദ്ധക്യത്തെ ദുഃഖത്തോടെ ഞാൻ പാതാളത്തിലേക്കു ഇറക്കും എന്നു പറഞ്ഞു.

൰൨ അവൾ ജനെലിന്റെ നേരെ പ്രാൎത്ഥിച്ചു:

൰൩ എന്റെ ദൈവമായ കൎത്താവെ നീ പുകഴ്ത്തപ്പെടത്തക്കവനാകുന്നു, ശുദ്ധവും ഉന്നതവും ഉള്ളതായ നിന്റെ തിരുനാമം എന്നേക്കും പുകഴ്ത്തപ്പെട്ടതാകുന്നു. നിന്റെ ദാസന്മാർ ഒക്കയും എന്നെക്കും നിന്നെ പുകഴ്ത്തും, ഇപ്പോൾ കൎത്താവെ എന്റെ കണ്ണും മുഖവും നിങ്കലേക്കു ഞാൻ ഉയൎത്തി, ഭൂമിയിൽ നിന്നു എന്നെ എടുക്കേണമെന്നും ഇനി ഒരു നിന്ദ്യം കേൾക്കരുത എന്നും പറഞ്ഞു.

൰൪ കൎത്താവെ പുരുഷന്റെ സകല അശുദ്ധിയിൽ നിന്നും ഞാൻ വെടിപ്പുള്ളവളാകുന്നു എന്നു നീ അറിയുന്നു.

൰൫ എന്റെ നാമ



ത്തെയും എന്റെ പിതാവിന്റെ നാമത്തെയും അടിമ നാട്ടിൽ ഞാൻ അശുദ്ധി ആക്കിയില്ല. ഞാൻ എന്റെ പിതാവിനു ഏകപുത്രി ആകുന്നു. അവനു അവകാശി ആയിരിപ്പാൻ ഒരു പുത്രനും ഇല്ല. അടുത്ത സഹോദരനുമില്ല, ഞാൻ അവനു ഭാൎയ്യ ആയിരിക്കുന്നതിനു ഒരു പുത്രനും ജീവിച്ചിരിക്കുന്നില്ല, കണ്ടാലും എന്റെ ഏഴു ഭൎത്താക്കന്മാരും പെട്ടു പോയി. ഇനി ഞാൻ എന്തിനു ജീവിച്ചിരിക്കുന്നു: എന്നെ കൊല്ലുവാൻ നിനക്കു ഇഷ്ടമില്ല എങ്കിൽ എന്നെ സൂക്ഷിച്ചു ഇനിക്കു കരുണ ലഭിപ്പാൻ കല്പന ഉണ്ടാകണമെ; ഇനി ഞാൻ നിന്ദ്യം കേൾക്കരുതെ എന്നു പറഞ്ഞു.

൰൬ വല്യവനായ ദൈവത്തിന്റെ മഹത്വത്തിനു മുമ്പാകെ അവരിരുവരുടെയും പ്രാൎത്ഥന കേൾക്കപ്പെട്ടു.

൰൭ അവരിരുവരെയും സൌഖ്യമാക്കുവാൻ റപ്പായേലിനെ അയച്ചു. അതു തൊബീത്തിന്റെ കണ്ണിലെ വെള്ളി നീക്കുന്നതിനും, റാഗുഏലിന്റെ മകൾ സാറായെ തൊബീത്തിന്റെ പുത്രൻ തൊബിയായെ കൊണ്ടു വിവാഹം ചെയ്യിക്കുന്നതിനും, തൊബിയാ അവളെ അവകാശമാക്കുവാൻ അടുക്കുന്നതു കൊണ്ടു ദുഷ്ടപിശാചായ അസ്മോദോസിനെ ബന്ധിക്കുന്നതിനും ആയിരുന്നു.

## ൪ അദ്ധ്യായം.

തൊബീതു തന്റെ പുത്രനായ തൊബിയായ്ക്കു ബുദ്ധി ഉപദേശിച്ചു കൊടുക്കുന്നതു ൨. മാദായിൽ ഗാബായേലിന്റെ പക്കലുള്ള ദ്രവ്യത്തെ കുറിച്ചു പറയുന്നതു.

ആ സമയത്തു തന്നെ തൊബീതു തിരികെ അവന്റെ വീട്ടിൽ പ്രവേശിച്ചു റാഗുഏലിന്റെ മകൾ സാറാ അവളുടെ മാളികയിൽ നിന്നു ഇറങ്ങി, ആ ദിവസം തൊബീതു മാദായിലെ റഗിയായിൽ ഗാബായേലിനെ ഏല്പിച്ച ദ്രവ്യത്തിന്റെ വസ്തുത ഓൎത്തു.

൨ അവൻ തന്നത്താൻ പറഞ്ഞു ഞാൻ മര

SyriacChurch.org

ണം യാചിച്ചിരിക്കുന്നു ആകയാൽ ഞാൻ മരിക്കുന്നതിനു മുമ്പെ പണത്തെക്കുറിച്ചു അവനോടു അറിയിക്കേണ്ടുന്നതിനു എന്റെ പുത്രനായ തൊബിയായെ വിളിക്കാതെ ഇരിക്കുന്നതു എന്തിനു.

൩ അവൻ അവനെ വിളിച്ചുംകൊണ്ടു എന്റെ പുത്രാ, ഞാൻ മരിച്ചാൽ എന്നെ അടക്കുക, നിന്റെ മാതാവിനെ നിന്ദിക്കരുതു, നിന്റെ ആയുസ്സുള്ള നാൾ ഒക്കയും അവളെ ബഹുമാനിക്ക.

൪ എന്റെ പുത്രാ, അവൾ ഗർഭപാത്രത്തിൽനിന്നെകുറിച്ചു അതിവേദനകൾ സഹിച്ചു എന്നോർക്ക അവൾ മരിക്കുമ്പോൾ ഒരു കല്ലറയിൽ തന്നെ എന്റെ അടുക്കൽ അവളെ അടക്കുക.

൫ എന്റെ പുത്രാ, എന്റെ മകനെ, എല്ലാനാളും നമ്മുടെ ദൈവമായ കർത്താവിനെ ഓർക്ക, നീ പാപം ചെയ്കയും തന്റെ കല്പനകളെ ലംഘിക്കയും അരുതു, നിന്റെ ആയുസ്സുള്ളനാൾ ഒക്കയും നീതി ചെയ്ക, അന്ന്യായത്തിന്റെ വഴികളിൽ പോകരുതു.

൬ എന്തുകൊണ്ടെന്നാൽ നീ സത്യമായിട്ടുള്ളതിനെ ചെയ്യുമ്പോൾ നിന്റെ എല്ലാ ക്രിയകളിലും ശുഭമുണ്ടാകും, നീതി ചെയ്യുന്ന എല്ലാവർക്കും തന്നെ.

൭ നിനക്കുള്ളവയിൽ നിന്നു നീ ധർമ്മം ചെയ്ക, യാതൊരു ദരിദ്രനിൽ നിന്നും നിന്റെ മുഖം തിരിച്ചുകളയരുതു. കർത്താവ തന്റെ മുഖം നിന്നിൽനിന്നു തിരിക്കയില്ല.

൮ നിനക്കു അധികമുണ്ടെങ്കിൽ നീ അധികം ധർമ്മം ചെയ്ക.

൯. നിനക്കു കുറച്ചേ ഉള്ളു എങ്കിൽ കുറവുപോലെ ധർമ്മം ചെയ്യുന്നതിനു നീ ഭയപ്പെടരുതു.

൧൦ എന്തെന്നാൽ തിട്ടതിയുടെ ദിവസത്തിന്നായിട്ടു നീ ഒരു വല്ല്യ നിക്ഷേപം വെക്കുന്നു.

൧൧ എന്തുകൊണ്ടെന്നാൽ കരുണ മരണത്തിൽനിന്ന വിടുവിക്കുന്നു, അന്ധകാരത്തിൽ പ്രവേശിപ്പാൻ സമ്മതിക്കയുമില്ല.



൧൨ കരുണ ചെയ്യുന്ന എല്ലാവർക്കും അത്യുന്നതന്റെ മുമ്പാകെ അതു ഒരു നല്ല കാഴ്ച ആകുന്നു

൧൩ എന്റെ പുത്രാ സകല വേശ്യാദോഷത്തിൽനിന്നും നീ സൂക്ഷിച്ചുകൊള്ളുക, ഒന്നാമതു നിന്റെ പിതാക്കന്മാരുടെ സന്തതിയിൽനിന്നു നീ വിവാഹംചെയ്യണം, നിന്റെ പിതാവിന്റെ വംശത്തിൽനിന്നല്ലാതെ അന്ന്യസ്ത്രീയെ വിവാഹം ചെയ്യരുതു, എന്തുകൊണ്ടെന്നാൽ നാം നമ്മുടെ ആദ്യ പിതാക്കന്മാരായ നൊഹ, അബ്രഹാം, ഇസഹാക്കു, യാക്കൊബ്ബ്, എന്ന ദീർഘദർശിമാരുടെ മക്കൾ ആകുന്നു. എന്റെ പുത്രാ അവർ എല്ലാവരും അവരുടെ സഹോദരന്മാരിൽനിന്നു വിവാഹം കഴിച്ചു, അവർ മക്കളിൽ അനുഗ്രഹിക്കപ്പെട്ടു അവരുടെ സന്തതി ഭൂമിയെ അവകാശമായി അനുഭവിക്കും എന്നു ഓർത്തുകൊള്ളുക.

൧൪ ഇപ്പോൾ എന്റെ പുത്രാ നിന്റെ സഹോദരന്മാരെ പ്രിയപ്പെടുക നിന്റെ ജനത്തിന്റെ പുത്രന്മാരും പുത്രിമാരുമായ നിന്റെ സഹോദര സഹോദരിമാരുടെ നെരെ നിന്റെ ഹൃദയത്തിൽ നിഗളിക്കരുതു നീ അവരിൽനിന്നു ഭാര്യയെ എടുക്ക, എന്തുകൊണ്ടെന്നാൽ നിഗളത്തിൽ നാശവും വളരെ ക്രമവിരോധവുമുണ്ടു, ദുർമ്മോഹത്തിൽ കെടുതലും വല്ല്യ ദാരിദ്ര്യവും ഉണ്ടു, എന്തെന്നാൽ ദുർമ്മോഹം പഞ്ഞത്തിന്റെ മാതാവാകുന്നു,

൧൫ എന്നാൽ നിനക്കു വേല ചെയ്യുന്ന ഒരുത്തന്റെയും കൂലി രാത്രിയിൽ നിന്റെ അടുക്കൽ ഇരിക്കരുതു, ഉടനെ കൊടുക്കണം നീ ദൈവത്തെ സേവിച്ചാൽ അങ്ങിനെ നിനക്കും തിരികെ കിട്ടും, എന്റെ പുത്രാ നിന്റെ സകല ക്രിയകളിലും നിന്നെ സൂക്ഷിച്ചു കൊള്ളുക നിന്റെ സകല നട

പ്പിലും നീ ബുദ്ധിമാനാ
യിരിക്ക.

൧൬ നീ വെറുക്കുന്ന
തിനെ ഒരുത്തനോടും
ചെയ്യരുതു. ലഹരിക്കാ
യിട്ടു നീ വീഞ്ഞ കുടിക്ക
രുതു നിന്റെ യാതൊരു
വഴിയാത്രയിലും മദ്യപാ
നം ചെയ്യരുതു,

൧൭ നിന്റെ അപ്പ
ത്തിൽ നിന്നു പട്ടിണി
ക്കാൎക്കും നിന്റെ വസ്ത്ര
ങ്ങളിൽനിന്നു നഗ്നന്മാ
ൎക്കും കൊടുക്ക, എന്നാൽ
നിന്റെ വൎദ്ധനവിനു
തക്കവണ്ണം നീ ധൎമ്മം
ചെയ്ക.

൧൮ പുണ്യവാന്മാരു
ടെ കബറുക്കൽ നിന്റെ
അപ്പത്തെ നീ ചൊ
രിക പാപികൾക്കു നീ
കൊടുക്കരുതു.

൧൯ അതിബുദ്ധിമാന്മാ
രൊടു ആലൊചിക്ക,
കൊള്ളാകുന്ന ആലോച
ന ഒന്നും ത്യജിക്കരുതു,

൨൦ ദൈവമായ കൎത്താ
വിനെ സൎവ്വനേരവും പു
കഴ്ത്തുക, നിന്റെ സൎവ്വ
വഴികളും നേരെ ആകു
വാനും നിന്റെ സകല
ഊടുവഴികളും നിന്റെ
വിചാരങ്ങളും ശുഭപ്പെടു
വാനും തന്നൊടു യാചി
ക്ക, എന്തെന്നാൽ മിക്ക
ജനത്തിനും വിചാരമില്ല.
കൎത്താവ സകല നന്മ
കളെയും തരും, താൻ മ
നസ്സു വെക്കുന്നവനെ
ഭാവിക്കുന്നതുപോലെ
താഴ്ത്തും.

൨൧ മാദായിലെ റെഗ്യാ
യിൽ ഗാബായെലിനെ
ഞാൻ ഏല്പിച്ചിരിക്കു
ന്ന പത്തു താലന്തു വെ
ള്ളിയുടെ കാൎയ്യം ഞാൻ
നിന്നെ അറിയിക്കുന്നു.

൨൨ എന്റെ പുത്രാ
നാം ദരിദ്രന്മാരായി പോ
യ്തുകൊണ്ടു നീ ഭയപ്പെ
ടരുത, എന്തെന്നാൽ നീ
ദൈവത്തെ ഭയപ്പെട്ടു
സകല പാപത്തെയും
വിട്ടൊഴിഞ്ഞു തന്റെ മു
മ്പാകെ തിരുവിളമായുള്ള
തിനെ ചെയ്യുമെങ്കിൽ നി
നക്കു വളരെ സമ്പത്തു
ഉണ്ടു.

## ൫ അദ്ധ്യായം.

ദൈവദൂതൻ തുബിയായുടെ കൂടെ
മാദായിക്കു പോകുന്നതു ൧൭
അവൻ പോയതുകൊണ്ടു അ
വന്റെ അമ്മ ദുഃഖിക്കുന്നതു.

തുബിയാ അവനൊടു ഉ
ത്തരമായിട്ടു നീ എന്നൊ
ടു കല്പിച്ചതു ഒക്കയും ഞാ
ൻ ചെയ്യും.

൨ എന്നാലും ഞാൻ
ആ മനുഷ്യനെ അറിയാ
യ്കകൊണ്ടു ദ്രവ്യം വാങ്ങു
വാൻ എങ്ങിനെ കഴിയും
എന്നു പറഞ്ഞു.

൩ അവൻ ചീട്ടു അ
വന്റെ പക്കൽ കൊടു
ടുത്തു അവനൊടു:

൪ നിന്നോടു കൂടെ
പോരുന്നതിനു ഒരു മനു
ഷ്യനെ അന്വെഷിക്ക
ഞാൻ അവനു ശമ്പളം
കൊടുക്കാം ഞാൻ ജീവ
നോടിരിക്കുമ്പോൾ ത
ന്നെ നീ പോയി ദ്രവ്യം
വാങ്ങുക എന്നു പറഞ്ഞു

൫ അവൻ ഒരു മനുഷ്യ
നെ അന്വേഷിപ്പാൻ
പോയി, ദൈവദൂതനാ
കുന്ന റഫായേലിനെ ക
ണ്ടെത്തി. അവൻ അറി
ഞ്ഞില്ല.

൬ അവൻ അവനോ
ടു മാദായിലെ റെഗ്യായി
ലേക്കു എന്നോടു കൂടെ
പോരാമൊ ആ ദേശങ്ങ
ളിൽ നിനക്കു പരിചയം
ഉണ്ടൊ എന്നു പറഞ്ഞു.

൭ ദൈവദൂതൻ അവ
നൊടു നിന്നൊടു കൂടെ
പോരാം എനിക്കു വഴി
യും പരിചയമുണ്ടു നി
ങ്ങളുടെ സഹൊദരനാ
യ ഗാബായെലിന്റെ
അടുക്കൽ ഞാൻ രാത്രി
പാൎത്തിട്ടുമുണ്ടു എന്നു പ
റഞ്ഞു.

൮ തുബിയാ അവനോ
ടു നീ എനിക്കായിട്ടു കു
റെ താമസിക്കണം ഞാ
ൻ എന്റെ അപ്പനൊടു
പറയട്ടെ എന്നു പറഞ്ഞു
അവൻ അവനൊടു നീ
പോക താമസിച്ചു കളയ
രുതു എന്നു പറഞ്ഞു. അ
വൻ അകത്തു ചെന്നു
അവന്റെ പിതാവി
നൊടു ഇതാ എന്റെ കൂ
ടെ പോരത്തക്കവനെ
ഞാൻ കണ്ടെത്തി എന്നു
പറഞ്ഞു. എന്നാൽ അ
വൻ അവനൊടു അവ
ൻ ഏതു വംശക്കാരനെ
ന്നും അവൻ നിന്റെ കൂ
ടെ പോരുവാൻ വിശ്വ
സ്ഥനൊ എന്നും അറി
യേണ്ടുന്നതിനു അവ
നെ എന്റെ അടുക്കൽ
വിളിക്ക എന്നു പറഞ്ഞു.

൯ അവൻ അവനെ
വിളിച്ചു അവൻ അക
ത്തുവന്നു; അവർ ത

മ്മിൽ സമാധാനം ചെയ്യു പറഞ്ഞു.

൧൦ തുബീതു അവനോടു എന്റെ സഹോദരാ നീ ഏതു ഗോത്രക്കാരനെന്നും ഏതു വംശക്കാരനെന്നും എന്നോടു അറിയിക്ക എന്നു പറഞ്ഞു.

൧൧ അവൻ അവനോടു നീ ഗോത്രവും വംശവും അന്വേഷിക്കുന്നുവോ, നിന്റെ മകനോടു കൂടെ പോകുന്നതിനുള്ള കൂലിക്കാരനെ അന്വഷിക്കുന്നുവൊ? എന്നു പറഞ്ഞു.

൧൨ തുബീതു അവനോടു എന്റെ സഹോദരാ നിന്റെ വംശവും പേരും അറിവാൻ ഞാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. എന്നാൽ അവൻ അവനോടു നിന്റെ സഹോദരന്മാരുടെ പ്രഭുവായ ഹന്നനിയായുടെ [പുത്രൻ] അസറിയാ ഞാനാകുന്നു എന്നു പറഞ്ഞു.

൧൩ അവൻ അവനോടു എന്റെ സഹോദരാ നീ സൌഖ്യത്തോടെ വന്നുവോ നിന്റെ ഗോത്രത്തെയും വംശത്തെയും അറിവാൻ ഞാൻ അപേക്ഷിച്ചതുകൊണ്ടു നീ കോപിക്കരുതു, നീ യോഗ്യവും ഉത്തമവുമുള്ള കുഡുംബക്കാരനായ സഹോദരനാകുന്നു, എന്തുകൊണ്ടെന്നാൽ പ്രഭുവായ ശിമെയിയുടെ പുത്രന്മാരാകുന്ന ഹന്നനിയായെയും യാസൊനെയും ഞാൻ അറിയും, കടിഞ്ഞൂൽ ഫലങ്ങളെയും വിളവിന്റെ ദശാംശങ്ങളെയും കൊണ്ടു ഓർശലെമിൽ വന്ദിപ്പാൻ ഞങ്ങൾ ഒരുമിച്ചു പോയിരുന്നു. അവർ നമ്മുടെ സഹോദരന്മാരുടെ തെറ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്റെ സഹോദരാ നീ ഒരു നല്ല ചുവടുള്ളവനാകുന്നു

൧൪. എന്നാൽ നിനക്കു എന്തു വേണമെന്നു എന്നോടു പറക ദിവസമൊന്നുക്കു ഒരു പണം കൂലി തരട്ടൊ. എന്റെ പുത്രനെ പോലെ നിനക്കു ആവശ്യമുള്ളതും കൂടെ തരാം.

൧൫. നിങ്ങൾ സൌഖ്യത്തോടെ തിരിച്ചു വന്നാൽ നിനക്കു കൂലി കൂട്ടി തരാം എന്നു പറഞ്ഞു.

൧൬ അപ്രകാരം അവൻ സമ്മതിച്ചു അവൻ തുബിയായൊടു നീ യാത്രെക്കു ഒരുങ്ങുക എന്നു പറഞ്ഞു അവന്റെ പിതാവു അവനോടു നീ ഈ മനുഷ്യനോടു കൂടെ പോക സ്വൎഗ്ഗത്തിൽ വസിക്കുന്ന ദൈവം നിങ്ങളുടെ വഴിയെ ശുഭമാക്കും തന്റെ ദൂതൻ നിങ്ങളോടു കൂടെ പോരും എന്നു പറഞ്ഞു അവർ ഇരുവരും യാത്ര പുറപ്പെട്ടു യൌവനക്കാരന്റെ നായും അവരൊടു കൂടെ പോയി.

൧൭ എന്നാൽ അവന്റെ മാതാവു കരഞ്ഞു തുബീതിനോടു എന്തിനു നമ്മുടെ പുത്രനെ നീ അയച്ചു കളഞ്ഞു അവൻ നമ്മുടെ മുമ്പാകെ അകത്തു വരികയും പുറത്തു പോകയും ചെയ്യുന്നതിനു അവൻ നമ്മുടെ കൈയിൽ ഒരു വടി അല്ലയൊ

൧൮ ദ്രവ്യത്തോടു ദ്രവ്യം ചേൎക്കുന്നതിന മോഹിക്കണ്ടാ എന്നാലൊ അതു എന്റെ പുത്രന്റെ ആത്മാവിനു പകരം ആകട്ടെ

൧൯ എന്തന്നാൽ നമുക്കു കാലം കഴിക്കുന്നതിനു കൎത്താവു തന്നിരിക്കുന്നതു മതി എന്നു പറഞ്ഞു.

൨൦. തുബീതു അവളോടു എന്റെ സഹോദരീ നീ സംസാരിക്കാതെ ഇരിക്ക അവൻ സൌഖ്യത്തോടെ വരും നിന്റെ കണ്ണുകൾ അവനെ കാണും.

൨൧ എന്തെന്നാൽ നല്ല ദൈവദൂതൻ അവന്റെ കൂടെ പോയി അവന്റെ വഴിയെ ശുഭമാക്കും അവൻ സൌഖ്യത്തോടെ തിരിച്ചു വരും എന്നു പറഞ്ഞു.

൨൨ അവളുടെ കരച്ചിൽ അടങ്ങി.



## ൬ അദ്ധ്യായം

ദൈവദൂതൻ മീനിന്റെ ചങ്കും കരളും കട്ടും എടുക്കുന്നതിനു തുബിയായൊടു കല്പിക്കുന്നതു. ൧൬. ദുരാത്മാവിനെ ഓടിക്കുന്നതു എങ്ങിനെ എന്നു അവനെ പഠിപ്പിക്കുന്നതു.

എന്നാൽ അവർ വഴിയാത്ര പോകുമ്പോൾ സന്ധ്യക്കു ദക്ലാസു നദി

യിക്കൽ വന്നു അവിടെ രാത്രി പാൎത്തു.

൨ എന്നാൽ യൌവനക്കാരൻ പാദങ്ങളെ കഴുകുവാൻ ഇറങ്ങി ഒരു മത്സ്യം നദിയിൽ നിന്നു ചാടി യൌവനക്കാരനെ വിഴുങ്ങുവാൻ ഭാവിച്ചു.

൩ എന്നാൽ ദൈവദൂതൻ അവനോട മത്സ്യത്തെ പിടിപ്പാൻ പറഞ്ഞു യൌവനക്കാരൻ ആ മത്സ്യത്തെ പിടിച്ചു കരെക്ക കേററി.

൪ ദൈവ ദൂതൻ അവനോട മത്സ്യത്തെ കീറി ചങ്കും കരളും കയ്പും എടുത്തു സൂക്ഷിച്ചു കൊള്ളുക എന്നു പറഞ്ഞു.

൫. ദൈവദൂതൻ പറഞ്ഞ പ്രകാരം യൌവനക്കാരൻ ചെയ്തു എന്നാൽ അവർ മത്സ്യത്തെ ചുട്ടു ഭക്ഷിച്ചു പിന്നെ എക്കബൊത്താനോസിലെക്ക എത്തിയ്യുവരെ അവർ ഇരുവരും യാത്ര പോയി കൊണ്ടിരുന്നു.

൬ യൌവനക്കാരൻ ദൈവദൂതനൊടഎന്റെ സഹോദരനായ അസറിയായെ മത്സ്യത്തിന്റെ ചങ്കും കരളും കയ്പും എന്തിനാകുന്നു എന്നു പറഞ്ഞു.

൭ അവൻ അവനൊട പിശാചൊ ദുരാത്മാവൊ ഒരുത്തനെ ഉപദ്രവിക്കുമ്പൊൾ ഈ ചങ്കും കരളും ആ പുരുഷന്റെയൊ സ്ത്രീയുടെയൊ മുമ്പാകെ പുകച്ചാൽ പിന്നെ ഉപദ്രവിക്കയില്ല.

൮ എന്നാൽ കയ്പൊ കണ്ണിൽ വെള്ളിയുള്ള മനുഷ്യനു എഴുതിയാൽ സൌഖ്യമാകും എന്നു പറഞ്ഞു.

൯ എന്നാൽ അവൻ റെഗിയായിലേക്ക അടുത്തപ്പൊൾ

൰ ദൈവദൂതൻ യൌവനക്കാരനൊട എന്റെ സഹോദരാ ഇന്നു നമുക്ക റാഗുഏലിന്റെ അടുക്കൽ താമസിക്കാം അവൻ നിന്റെ വംശത്തിൽ യോഗ്യനായിട്ടുള്ളവനാകുന്നു. അവന്നു ഏകപുത്രിയെ ഉള്ളു അവളുടെ നാമം സാറാ എന്നാകുന്നു.

൰൧ എന്തെന്നാൽ അവളുടെ അവകാശം നിനക്കു ചേരെണ്ടതുമാകുന്നു അവളുടെ വംശത്തിൽ നീ മാത്രമെ ഉള്ളു.

൰൨ ബാലസ്ത്രീ സൌന്ദൎയ്യവും അതി ബുദ്ധിയുമുള്ളവളാകുന്നു നീ ഇപ്പോൾ എന്നെ ചെവിക്കൊൾക ഞാൻ അവളുടെ പിതാവിനൊട സംസാരിക്കാം നാം റഗിയായിൽനിന്നു തിരിച്ചു വരുമ്പൊൾ കല്യാണവും കഴിക്കാം എന്തുകൊണ്ടെന്നാൽ മോശയുടെ ന്യായപ്രമാണ പ്രകാരം റാഗുവേലിനു ഒരു അന്യമനുഷ്യനെ കൊണ്ടു അവളെ വിവാഹം ചെയ്യിച്ചു കൂടാ എന്നു ഞാൻ അറിയുന്നു അല്ലെങ്കിൽ എല്ലാ മനുഷ്യരെക്കാൾ ആ അവകാശം നിനക്കു വരെണ്ടതാകകൊണ്ടു അവൻ മരണ കുററക്കാരനാകും എന്നു പറഞ്ഞു.

൰൩ അപ്പോൾ ആ യൌവനക്കാരൻ ദൈവദൂതനൊട സഹോദരനായ അസറിയായെ ആ ബാലസ്ത്രീയെ ഏഴപേരു വിവാഹം ചെയ്തു. അവരെല്ലാവരും അവളോട സംസൎഗ്ഗം ചെയ്യുമ്പൊൾ പെട്ടപൊയി എന്നു ഞാൻ കേട്ടിരിക്കുന്നു.

൰൪ എന്നാൽ ഇപ്പോൾ ഞാൻ എന്റെ പിതാവിനു ഏകപുത്രനാകുന്നു ഞാൻ അവളുടെ അടുക്കൽ പ്രവേശിക്കുമ്പൊൾ മുമ്പിലത്തവരെ പോലെ മരിക്കയില്ലയൊ എന്നു ഭയപ്പെടുന്നു. എന്നാൽ അവളുടെ അടുക്കൽ ചേരുന്നവരെ അല്ലാതെ മററ ആരെയും ഉപദ്രവിക്കാത്ത ഒരു പിശാചു അവളെ സ്നേഹിക്കുന്നു. ഇപ്പോൾ ഞാൻ മരിച്ചുപോയാൽ എന്റെ പിതാവിന്റെയും എന്റെ മാതാവിന്റെയും ആയുസ്സിനെ എന്നെകുറിച്ചുള്ള വ്യസനത്തോടെ ശവക്കല്ലറയിലേക്ക ഇറക്കേണ്ടി വരികയില്ലയൊ എന്നു ഞാൻ ഭയപ്പെടുന്നു അവരെ അടക്കുന്നതിനു മററു പുത്രൻ അവൎക്കില്ല എന്നു പറഞ്ഞു.

൰൫ എന്നാൽ ദൈവദൂതൻ അവനൊട നി

ന്റെ വംശത്തിൽ നിന്നു
നീ വിവാഹം ചെയ്യണ
മെന്നു നിന്റെ പിതാവു
നിന്നൊടു കല്പിച്ച വച
നങ്ങളെ ഓൎക്കുന്നില്ലയൊ
അയ്യൂകൊണ്ടു ഇപ്പോൾ
എന്റെ സഹോദരാ എ
ന്നെ ചെവിക്കൊൾക എ
ന്തെന്നാൽ അവൾ നി
നക്കു ഭാൎയ്യ ആയിരിക്ക
ട്ടെ ആ പിശാചിന്റെ
കാൎയ്യം ഒന്നും നീ വിചാ
രിക്കണ്ടാ. അതെന്തുകൊ
ണ്ടെന്നാൽ ഈ രാത്രിയി
ൽ അവൾ നിനക്കു ഭാ
ൎയ്യ ആയിരിക്കും.

൰൬ നീ മണവറയി
ലെക്കു പ്രവേശിക്കു
മ്പൊൾ ധൂപിക്കുന്നതി
നു തീയും എടുത്തു അതി
ന്മേൽ മത്സ്യത്തിന്റെ ച
ങ്കും കരളും വച്ചു പുകെക്ക.

൰൭ ആ പിശാചു മ
ണം ഏററു ഓടും ഒരിക്ക
ലും തിരിച്ചു വരികയില്ല
എന്നാൽ നീ അവളുടെ
അടുക്കൽ ചേരുമ്പൊൾ
നിങ്ങൾ രണ്ടുപേരും നി
ന്നു കരുണയുള്ള ദൈവ
ത്തോടു നിലവിളിക്ക.

൰൮ താൻ നിങ്ങളെ
രക്ഷിച്ചു നിങ്ങളെ അ
നുഗ്രഹിക്കും. അയ്യൂകൊ
ണ്ടു നീ ഭയപ്പെടരുതു എ
ന്തുകൊണ്ടെന്നാൽ ആദി
മുതൽ അവൾ നിനക്കു
നിയമിക്കപ്പെട്ടവളാകു
ന്നു. നീ അവളെ രക്ഷി
ക്ക അവൾ നിന്നോടു കൂ
ടെ പോരും അവളിൽനി
ന്നുനിനക്കുപുത്രന്മാരും ഉ
ണ്ടാകുമെന്നു ഞാൻ അ
റിയിക്കുന്നു എന്നു പറ
ഞ്ഞു.

൰൯ എന്നാൽ തുബി
യാ ഇതു കേട്ടപ്പൊൾ അ
വളെ സ്നേഹിച്ചു അവ
ന്റെ ആത്മാവു ഏററ
വും അവളോടു ചേൎന്നി
രുന്നു.

## ൭ അദ്ധ്യായം.

റാഗുവേൽ തന്റെ മകളെ തുബി
യാക്കു വിവാഹമായി കൊടുക്കു
ന്നതു. ൰൭ അവൾ അവളുടെ ശ
യനമുറിയിൽ പ്രവേശിക്കുന്നതു
അവളുടെ വിലാപം ൰൮. അവ
ളുടെ തള്ള അവളെ ആശ്വാസി
പ്പിക്കുന്നതു.

പിന്നെ അവർ എക്ക
ബാത്താനോസിലേക്കു
വന്നു റാഗുവേലിന്റെ
ഭവനത്തിൽ എത്തിയ
പ്പോൾ സാറാ അവനെ
എതിരേററു സന്തോഷി
ച്ചു. അയ്യൂ എങ്ങിനെ എ
ന്നാൽ അവൾ അവ
ന്റെ സമാധാനം ചോ
ദിച്ചു നീ സന്തോഷിച്ചി
രിക്ക എന്നു അവനൊടു
പറഞ്ഞു ഇവൻ അവ
ളോടും അപ്രകാരം പറ
ഞ്ഞു അവൾ അവരെ ഭ
വനത്തിലേക്കു പ്രവേ
ശിപ്പിച്ചു.

൨ അപ്പോൾ റാഗുവേ
ൽ തന്റെ ഭാൎയ്യ ആയ
അദീനായൊടു എന്റെ
ചാൎച്ചക്കാരനായ തുബി
തിനോടു ഈ ബാല്യക്കാ
രൻ എത്ര തുല്യനായിരി
ക്കുന്നു എന്നു പറഞ്ഞു.

൩ റാഗുവേൽ അവ
രോടു സഹോദരന്മാരെ
നിങ്ങൾ എവിടുത്തുകാർ
എന്നു ചോദിച്ചു അവർ
അവനൊടു നിനവയി
ലെ അടിമക്കാരായ ന
പ്താലിയുടെ പുത്രന്മാരി
ൽനിന്നുള്ളവരാകുന്നു എ
ന്നു പറഞ്ഞു.

൪ അവൻ അവരോടു
നിങ്ങൾ എന്റെ സ
ഹൊദരനായ തുബീതി
നെ അറിയുമൊ എന്നു
പറഞ്ഞു എന്നാൽ അവ
ർ ഞങ്ങൾ അറിയുമെന്നു
പറഞ്ഞു അവൻ അവ
രോടു അവൻ സൌഖ്യ
മായിരിക്കുന്നുവൊ എന്നു
പറഞ്ഞു.

൫ അപ്പോൾ അവർ
അവനോടു അവൻ
സൌഖ്യമായിരിക്കുന്നു
എന്നുപറഞ്ഞു. തുബിയാ
അവൻ എന്റെ അപ്പ
നാകുന്നു എന്നും പറ
ഞ്ഞു.

൬ റാഗുവേൽ ചാടി
അവനെ ചുംബിച്ചു

൭ അവനെ വാഴ്ത്തി അ
വനൊടു യോഗ്യനും ഉ
ത്തമനുമായ മനുഷ്യ
ന്റെ പുത്രാ എന്നും പ
റഞ്ഞു എന്നാൽ തുബീ
തിന്റെ കണ്ണുകൾ പോ
യെന്നു കേട്ടപ്പൊൾ അ
വനും അവന്റെ ഭാൎയ്യ
യായ അദീനായും വ്യ
സനിച്ചു കരഞ്ഞു.

൮ അവരുടെ പുത്രി
യായ സാറായും കര
ഞ്ഞു അവൻ അവരെ
സന്തോഷത്തോടു കൂടെ
കൈക്കൊണ്ടു അവൻ ഒ
രു പള്ളാട്ടു കൊററനെ
അറുത്തു വിശേഷ പദാ
ൎത്ഥങ്ങളെ മേശമേൽ വ
ച്ചു എന്നാൽ തുബിയാ റ

ഫായെലിനോടു എന്റെ സഹോദരനായ അസറിയായെ നീ വഴിയാത്രയിൽ പറഞ്ഞ കാൎയ്യത്തെ കുറിച്ചു സംസാരിക്ക കാൎയ്യം തീരട്ടെ എന്നു പറഞ്ഞു.

൯ അവൻ ആ കാൎയ്യം റാഗുവേലിനെ ഗ്രഹിപ്പിച്ചു റാഗുവേൽ തുബിയായൊടു നീ ഭക്ഷിച്ചു കുടിച്ചു സന്തോഷിക്ക.

൧൦ എന്തെന്നാൽ എന്റെ പുത്രിയെ നിനക്കു തരുന്നതു ന്യായമാകുന്നു എന്നാൽ അതിന്റെ സത്യം ഞാൻ നിന്നോടു അറിയിക്കാം.

൧൧ ഞാൻ എന്റെ പുത്രിയെ ഏഴു പുരുഷന്മാരെ കൊണ്ടു വിവാഹം ചെയ്യിച്ചു. എന്നാൽ അവർ അവളുടെ അടുക്കൽ പ്രവേശിക്കുമ്പൊൾ ആ രാത്രിയിൽ തന്നെ മരിച്ചുപോയി എന്നാൽ ഇപ്പോൾ നീ ഭക്ഷിച്ചു കുടിച്ചു ഈ രാത്രിയിൽ നന്നായിരിക്ക എന്നു പറഞ്ഞു. തുബിയാ ഉത്തരമായിട്ടു അവനൊടു നീ എന്നൊടു നിശ്ചയം പറയുന്നതുവരെ ഞാൻ ഭക്ഷിച്ചു കുടിക്കയില്ല എന്നു പറഞ്ഞു.

൧൨ റാഗുവേൽ അവനൊടു ഇനിക്കു എന്തു ചെയ്വാൻ കഴിയും എന്തെന്നാൽ ഇതാ ന്യായപ്രമാണത്തിൻപ്രകാരം അവൾ നിനക്കു യോഗ്യമുള്ളവളാകുന്നു ന്യായപ്രമാണം കല്പിക്കുന്ന പ്രകാരം ഞാൻ അവളെ നിനക്കു ഭാൎയ്യ ആയിട്ടു തരുന്നു സ്വൎഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായവൻ ഈ രാത്രിയിൽ നിങ്ങളുടെ വഴിയെ ഒരുക്കി സമാധാനത്തോടെ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പറഞ്ഞു.

൧൩ അപ്പോൾ അവൻ തന്റെ പുത്രി ആയ സാറായെ വിളിച്ചു അവൾ തന്റെ പിതാവിന്റെ അടുക്കൽ വന്നു അവൻ അവളുടെ വലത്തു കൈ പിടിച്ചു തുബിയായിക്ക കൊടുത്തു. കണ്ടാലും ന്യായപ്രമാണപ്രകാരം ഇവളെ എടുത്തു കൊള്ളുക നിന്റെ പിതാവിന്റെ അടുക്കൽ അവളെ കൊണ്ടുപോകയും ചെയ്ക എന്നു പറഞ്ഞു അവരെ അനുഗ്രഹിച്ചു.



൧൪ പിന്നെ അവൻ തന്റെ ഭാൎയ്യ ആയ അദീനായെ വിളിച്ചു കടലാസു എടുത്തു ഒരു മംഗല്യപത്രം എഴുതി അതിനു മുദ്ര വച്ചു.

൧൫ അപ്പോൾ അവർ ഭക്ഷിച്ചു പാനം ചെയ്തു.

൧൬ റാഗുവേൽ അവന്റെ ഭാൎയ്യയായ അദീനായൊടു ഒരു ശയനമുറി ഒരുക്കി നിന്റെ പുത്രിയെ പ്രവേശിപ്പിക്ക എന്നു പറഞ്ഞു.

൧൭ അവൾ അവളോടു പറഞ്ഞപ്രകാരം തന്നെ ചെയ്തു മുറിയിലെക്കു അവളെ പ്രവേശിപ്പിച്ചു. അവൾ അവളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു അവൾ അവളോടു

൧൮ എന്റെ പുത്രി മനൊധൈൎയ്യപ്പെടുക സ്വൎഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായവൻ ഈ രാത്രിയിൽ നിന്നൊടു കരുണ ചെയ്തു മുമ്പെ നിനക്കുണ്ടായ ദുഃഖത്തിനു പകരം സന്തോഷത്തെ നിനക്കു നൽകട്ടെ എന്നു പറഞ്ഞു.

## ൮ അദ്ധ്യായം.

തുബിയാ ദുരാത്മാവിനെ ഓടിക്കുന്നതു ൧. അവനും അവന്റെ ഭാൎയ്യയും പ്രാൎത്ഥിപ്പാൻ എഴുനേല്ക്കുന്നതു.

അവർ ആനന്ദിച്ചു എഴുനെറ്റപ്പൊൾ തുബിയായെ അവളുടെ അടുക്കൽ ശയനഗ്രഹത്തിലേക്കു പ്രവേശിപ്പിച്ചു.

൨ തുബിയാ റഫായേലിന്റെ വചനങ്ങളെ ഓൎത്തു മത്സ്യത്തിന്റെ ചങ്കും കരളും എടുത്തു സുഗന്ധം വെച്ചിരിക്കുന്ന തീക്കനലിന്മെൽ വെച്ചു

൩ മത്സ്യത്തിന്റെ ഗന്ധം ആ പിശാചിനെ പുറത്താക്കി അവൻ മിസ്രയിമിലെ മേൽ സ്ഥലങ്ങളിലേക്കു ഓടിപോയി റഫായെൽ അവിടെ അവനെ ബന്ധിച്ചു.

൪ തുബിയാ സാറായൊടു എന്റെ സഹോദരി നാം നിന്നു പ്രാൎത്ഥിച്ചു ഈ രാത്രിയിൽ ദൈവം നമ്മെ അനുഗ്രഹി

ക്കുന്നതിനും നമുക്കു സ
മാധാനം തരുന്നതിനും
അപേക്ഷിക്കണം എന്നു
പറഞ്ഞു.
൫ തൂബിയാ ഇപ്രകാ
രം പറഞ്ഞു തുടങ്ങി ഞ
ങ്ങളുടെ പിതാക്കന്മാരുടെ
ദൈവമായ കർത്താവെ
നീ വാഴ്ത്തപ്പെട്ടവനാകു
ന്നു നിൻെറ തിരുനാമം
എന്നേക്കും പുകഴ്ത്തപ്പെട
ത്തക്കതുമാകുന്നു.
൬ എന്തെന്നാൽ നീ പു
രുഷനെയും സ്ത്രീയെയും
നിർമ്മിച്ചു. സ്ത്രീയെ അവ
നു സഹായിക്കുന്നവളാ
യിട്ടു ഉണ്ടാക്കി അവരി
രുവരിൽ നിന്നും മനു
ഷ്യസന്തതി ഉത്ഭവിച്ചു
ആദാം ഏകനായിരിക്കു
ന്നതു നന്നല്ല അവനു
സദൃശമാകുന്ന ഒരു സ
ഹായം ഞാൻ ഉണ്ടാക്കും
എന്നു നീ പറഞ്ഞു.
൭ ഇപ്പോൾ കർത്താവെ
ഠരം എൻെറ സഹോദ
രിയെ ഞാൻ പരിഗ്രഹി
ക്കുന്നതു ദുർമ്മോഹം കൊ
ണ്ടല്ല ന്യായപ്രമാണ
ത്തിൻെറ മുറപ്രകാരമ
ത്രെ എന്നാൽ ഇപ്പോൾ
ഞങ്ങളെ അനുഗ്രഹിച്ചു
ഞങ്ങൾ ഒരുമിച്ചു സമാ
ധാനത്തോടിരിക്കുന്നതി
നു കൃപ ചെയ്യണമെ
വാഴ്വിൻെറ മക്കളെയും
ഞങ്ങൾക്കു തരേണമെ
എന്നു പറഞ്ഞു.
൮ സാറാ ആമേൻ എ
ന്നും പറഞ്ഞു.
൯ അവർ ആ രാത്രി
ഉറങ്ങി.
൧൦ റാഗുവേൽ അവ
ൻെറ വീട്ടുവേലക്കാരൊ
ടു നിങ്ങൾ പോയി വെ
ളുക്കുന്നതിനു മുമ്പെ രാ
ത്രിയിൽ ഒരു കുഴി വെട്ടു
വിൻ എന്തെന്നാൽ അ
വൻ മരിച്ചു എങ്കിൽ ഒ
രുത്തനും അറിയാതെയും
നമുക്കു ഹാസ്യമുണ്ടാകാ
തെയും ഇരിപ്പാനായിട്ടു
ഈ രാത്രിയിൽ തന്നെ
അവനെ അടക്കണമെ
ന്നു വിചാരിക്കുന്നു എ
ന്നു പറഞ്ഞു.
൧൧ എന്നാൽ വീട്ടുവേ
ലക്കാർ അവൻ കല്പിച്ച
കാര്യം ചെയ്വാൻ പോയ
പ്പോൾ
൧൨ റാഗുവേൽ അവ
ൻെറ ഭാര്യയെ വിളിച്ചു
അവളോടു സമാധാന
മൊ എന്നു നോക്കേണ്ടു



ന്നതിനു ബാല്യക്കാരിക
ളിൽ ഒരുത്തിയെ അയ
ക്ക എന്നു പറഞ്ഞു അദീ
നാ ഒരു ബാല്യക്കാരിയെ
അയച്ചു അവൾ വിള
ക്കു കയ്യിൽ പിടിച്ചുകൊ
ണ്ടു
൧൩ ശയനമുറിയുടെ
വാതിൽ തുറന്നു അവരി
രുവരും ഒരുമിച്ചു ഉറങ്ങു
ന്നതു കണ്ടു
൧൪ അവൾ അദീനാ
യുടെയും അവളുടെ ഭ
ർത്താവിൻെറയും അടുക്ക
ൽ പുറപ്പെട്ടു ചെന്നു അ
വർ ജീവനോടിരിക്കുന്നു
എന്നു പറഞ്ഞു.
൧൫ അവർ ദൈവ
ത്തെ സ്തുതിച്ചു ഇടിച്ചുക
ളയുന്നവനും നന്നാക്കു
ന്നവനുമായ സ്വർഗ്ഗത്തി
ൻെറയും ഭൂമിയുടെയും ക
ർത്താവെ നീ വാഴ്ത്തപ്പെട്ട
വനാകുന്നു.
൧൬ എന്തുകൊണ്ടെന്നാ
ൽ കണ്ടാലും രണ്ടു ഏക
സന്തതികളുടെ മേലും
അവരുടെ മാതാപിതാ
ക്കന്മാരുടെ മേലും നീ
അനുഗ്രഹിച്ചിരിക്കുന്നു.
൧൭ ദൈവമെ അവ
സാനം വരെയും അവ
ൎക്കു സമാധാനവും അവ
രുടെ ആയുസ്സുകൾക്കു
സ്ഥിരതയും കൊടുക്കണ
മെ എന്നു പറഞ്ഞു.
൧൮ വീട്ടുവേലക്കാർ
വന്നു അവൻ അവരോ
ടു നിങ്ങൾ പോയി സൂ
ര്യൻ ഉദിക്കുന്നതിനു മു
മ്പെ കുഴി മൂടുവിൻ ആ
രും അറിയരുതെന്നും പ
റഞ്ഞു.
൧൯ അവൻ അവ
ൻെറ ഭാര്യയൊടു അധി
കം അപ്പം ഉണ്ടാക്കുക എ
ന്നു പറഞ്ഞു. അവൻ
കാളത്തൊഴുത്തിലേക്കൊ
ടിചെന്നു രണ്ടു കാളക
ളേയും നാലു ആട്ടുകൊ
റ്റന്മാരെയും കൊണ്ടുവ
ന്നു അവയെ പാകം ചെ
യ്വാൻ അവൻെറ ഭവ
ന വേലക്കാരൊടു ക
ല്പിച്ചു.
൨൦ അവൻ തൂബിയാ
യൊടു പത്തു ദിവസം
കഴിയുന്നതിനകം നീ
പോകരുതു എന്തുകൊണ്ടെ
ന്നാൽ എൻെറ പുത്രിയു
ടെ ആത്മാവു ഖേദിച്ചി
രിക്കകൊണ്ടു അവൾ സ
ന്തോഷിക്കട്ടെ.
൨൧ ഇപ്പോൾ എൻെറ

ദ്രവ്യത്തിൽ പാതി എടുത്തുകൊൾക ശേഷം പാതി ഞാനും എൻെറ ഭാൎയ്യയും മരിക്കുമ്പോൾ നിങ്ങൾക്കുള്ളതാകുന്നു. ഞാൻ നിൻെറ പിതാവും അദീനാ നിൻെറ മാതാവും ആകുന്നു.

൧൧ എൻെറ പുത്രാ മനൊധൈൎയ്യമായിരിക്ക എന്നു പറഞ്ഞു.

## ൯. അദ്ധ്യായം.

തുബിയാ മൈവട്ടതനെ ഗാബായേലിൻെറ അടുക്കൽ ദ്രവ്യത്തിനു അയക്കുന്നതു. മൈവട്ടതൽ അതിനെയും കല്യാണത്തിനു ഗാബായേലിനെയും കൊണ്ടുവരുന്നതു.

ഇതിൻെറ ശേഷം തുബിയാ റഫായേലിനെ വിളിച്ചു അവനോടു,

൨ എൻെറ സഹോദരനായ അസറിയായെ നീ ഇവിടെ നിന്നു രണ്ടു ഒട്ടകങ്ങളേയും നാലു മനുഷ്യരെയും കൂട്ടിക്കൊണ്ടു റെഗായിൽ ഗാബായേലിൻെറ അടുക്കൽ പോക നീ ചീട്ടു കൊടുത്തു അവനോടു ദ്രവ്യം വാങ്ങി അവനെ നിൻെറ കൂടെ കല്യാണത്തിനു കൊണ്ടുവരിക.

൩ എന്തെന്നാൽ എൻെറ പിതാവു ദിവസം എണ്ണുന്നതിനു മുടക്കം ഇല്ല എന്നു ഞാൻ അറിയുന്നു. നാം ഒരു ദിവസം അധികം താമസിച്ചാൽ അവനു ദുഃഖമുണ്ടാകും.

൪ എന്നാൽ ഞാൻ പത്തു ദിവസം തൻെറ അടുക്കൽ താമസിക്കണമെന്നു റാഗുവേൽ ആണ ഇട്ടിരിക്കുന്നു ആണയെ ലംഘിക്കുന്നതിനു ഇനിക്കു പാടില്ല എന്നു പറഞ്ഞു.

൫ റഫായെലും ആ നാലു മനുഷ്യരും രണ്ടു ഒട്ടകങ്ങളും മാദായിലെ റെഗ്യായിലേക്കു പോയി ഗാബായേലിൻെറ അടുക്കൽ എത്തി. അവർ അവൻെറ അടുക്കൽ താമസിച്ചു റഫായേൽ കച്ചീട്ടു അവനു കൊടുത്തു അവൻ അവനോടു,

൬ തുബിയാ റാഗുവേലിൻെറ മകളെ വിവാഹം ചെയ്തുകൊണ്ടു അവൻ അവിടെ ആകുന്നു അവൻ നിന്നെ കല്യാണത്തിനു വിളിക്കയും ചെയ്യുന്നുഎന്നുപറഞ്ഞു.



൭ ഗാബായെൽ എഴുന്നേറ്റു അവനെ അകത്തു പ്രവേശിപ്പിച്ചു മുദ്രച്ചാക്കുകളെ കാണിച്ചു ദ്രവ്യം എണ്ണി ഒട്ടകങ്ങളിൻമേൽ വെച്ചു അവർ അതികാലത്തെ എഴുന്നേറ്റു റാഗുവേലിൻെറ കല്യാണത്തിനു വന്നു. തുബിയാ ഭക്ഷണത്തിനിരിക്കുമ്പോൾ അവർ അവനെ കണ്ടെത്തി അവൻ ചാടി എഴുന്നേറ്റു അവനെ ചുംബിച്ചു.

൮ ഗാബായെൽ അവനോടു നിനക്കു സമാധാനം തന്നു ദൈവം സ്തുതിക്കപ്പെട്ടവനാകുന്നു, എന്തെന്നാൽ നീ പുണ്യം ചെയ്തു ഉത്തമ പുരുഷൻെറ പുത്രനാകുന്നു നീ വാഴ്ത്തപ്പെട്ടവനാകുന്നു നിൻെറ പിതാവും നിൻെറ മാതാവും വാഴ്ത്തപ്പെട്ടവരാകുന്നു നിൻെറ ഭാൎയ്യയും അവളുടെ പിതാവും അവളുടെ മാതാവും വാഴ്ത്തപ്പെട്ടവരാകുന്നു.

## ൧൦. അദ്ധ്യായം.

തുബീതും തൻെറ ഭാൎയ്യയും അവരുടെ പുത്രനായിട്ടു കാത്തിരിക്കുന്നതു. ൭, അവൾ അവളുടെ ഭൎത്താവിനാൽ ആശ്വസിക്കപ്പെടുകയില്ല എന്നതു.

എന്നാൽ തുബീതു അവൻെറ പുത്രനായ തുബിയാ പുറപ്പെട്ട നാൾ മുതൽ ദിവസങ്ങൾ എണ്ണിയിരുന്നു. എന്നാൽ ദിവസം തികഞ്ഞപ്പോൾ തുബീതിനു ദുഃഖമായി.

൨ അവൻ, പക്ഷെ ഗാബായേൽ മരിച്ചുപോയി ഒരുത്തനും എൻെറ പുത്രനു ദ്രവ്യംകൊടുക്കുന്നില്ല എന്നു പറഞ്ഞു.

൩ അന്നാ, എൻെറ മകൻ പോയ്പോയി അവൻ ഇല്ല എന്നു പറഞ്ഞു അവനെ കുറിച്ചു കരഞ്ഞു എൻെറ കണ്ണുകളുടെ പ്രകാശമായിരുന്ന എൻെറ പുത്രാ ഇനിക്കു ഹാ! കഷ്ടം.

൪ അവൻ എൻെറ അടുക്കൽ നിന്നു പോകുവാൻ ഞാൻ എന്തിനു സമ്മതിച്ചു എന്നു പറഞ്ഞു.

൫ തുബീതു അവളോടു അപേക്ഷിച്ചു എൻെറ സഹോദരി മനൊധൈൎയ്യപ്പെടുക നമ്മുടെ മകൻ

സൌഖ്യത്തോടെ വരും· ൬ അവൻ സുഖമായിരിക്കുന്നു നീ ദുഃഖിക്കരുതു എന്തെന്നാൽ അവന്റെ കൂടെ പോയവൻ വിശ്വസ്തനും നമ്മുടെ സഹോദരന്മാരിൽ ഉള്ളവനും ആകുന്നു നിനക്കു മനൊദുഃഖം ഉണ്ടാകരുതു എന്നു പറഞ്ഞു·

൭ എന്റെ മകൻ പൊയ്പോയി എന്നു പറഞ്ഞു അന്നാ ചാടി പുറപ്പെട്ടു വഴിയിൽ പോയി നേരം അസ്തമിക്കുന്നതു വരെയും നോക്കി നിന്നു, പിന്നെ അവൾ വന്നു ശയനഗൃഹത്തിൽ പ്രവേശിച്ചു ഏതും ഭക്ഷിച്ചുമില്ല ഉറക്കം ഉണ്ടായതുമില്ല. ൮ റാഗുവേൽ ആണയിട്ട പ്രകാരം പത്തു ദിവസം തികഞ്ഞപ്പോൾ തൊബിയാ അവനോടു എന്റെ പിതാവും മാതാവും മഹാ വ്യസനത്തോടെ വസിക്കുന്നു ഇനി എന്റെ മുഖം അവർ കാണുകയില്ല എന്നു നിരൂപിക്കയും ചെയ്യുന്നു എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു.

൯ റാഗുവേൽ ഞാൻ നിന്റെ പിതാവിന്റെ അടുക്കൽ ആളയച്ചു നടന്നിരിക്കുന്ന കാര്യം അറിയിക്കാം നീ ഇനി കുറെ ദിവസം കൂടെ എന്റെ അടുക്കൽ താമസിക്ക എന്നു പറഞ്ഞു.

൧൦ തൊബിയാ, ഇനിക്കു പാടില്ല എന്റെ പിതാവിനെ ദുഃഖിപ്പിക്കാതെ ഇരിക്കേണ്ടുന്നതിനു നീ എന്നെ അയക്കണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു.

൧൧ റാഗുവേൽ എഴുന്നേറ്റു അവന്റെ മകളെ കൊണ്ടുവന്നു തൊബിയായെ ഏല്പിച്ചു അവന്റെ സകല സമ്പാദ്യങ്ങളിലും പാതി അവൾക്കു കൊടുത്തു, അടിയാരും അടിയാട്ടികളും കാളകളും ആടുകളും ഒട്ടകങ്ങളും കഴുതകളും, പൊന്നും വെള്ളിയും വളരെ വസ്ത്രങ്ങളും തന്നെ.

൧൨ അവൻ അവരെ ചുംബിച്ചു അയച്ചു : റാഗുവേൽ എന്റെ മക്കളെ സമാധാനത്തോടും സു



ഖത്തോടും പോകുവിൻ, ൧൩ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായവൻ നിങ്ങളുടെ വഴിയെ ഒരുക്കും ഞാൻ മരിക്കുന്നതിനു മുമ്പെ നിങ്ങളുടെ മക്കളെയും കാണും എന്നു പറഞ്ഞു.

൧൪ റാഗുവേൽ സാറായെ ചുംബിച്ചു അവളോടു എന്റെ പുത്രി നിന്റെ അമ്മായി അപ്പനെയും അമ്മായി അമ്മയെയും ബഹുമാനിക്ക ഞാൻ അവരിൽ നിന്നു നിന്നെ കുറിച്ചു നല്ല വർണ്ണം കേൾക്കണം.

൧൫ എന്തെന്നാൽ ഈ സമയം മുതൽ ഞങ്ങളെന്ന പോലെ നിന്റെ മാതാപിതാക്കന്മാർ ആവരാകുന്നു നിങ്ങൾ സമാധാനത്തോടെ പോകുവിൻ എന്നു പറഞ്ഞു. അദീനാ തൊബിയായോടു ഇതാ കർത്താവിന്റെ മുമ്പാകെ എന്റെ പുത്രിയെ നിനക്കു ഏല്പിക്കുന്നു അവളുടെ ആയുസ്സുള്ള നാളൊക്കയും നീ അവളെ ഉപദ്രവിക്കരുതു.

൧൬ എന്തെന്നാൽ ഈ സമയം മുതൽ ഞാൻ നിന്റെ മാതാവും സാറാ നിന്റെ സഹോദരിയും ആകുന്നു എന്നു പറഞ്ഞു അവരിരുവരെയും ചുംബിച്ചു. അവർ പുറപ്പെട്ടു പോകയും ചെയ്തു.

൧൭. തൊബിയാ സന്തോഷിച്ചു സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായവനെ സ്തുതിച്ചു അവരുടെ ആയുസ്സുള്ള നാൾ ഒക്കെയും എന്റെ മാതാപിതാക്കന്മാരെ പോലെ എന്റെ അമ്മയിഅപ്പനെയും എന്റെ അമ്മായി അമ്മയെയും ബഹുമാനിപ്പാൻ ഇനിക്കു സംഗതി വരേണമെന്നും പറഞ്ഞു.

## ൧൧. അദ്ധ്യായം.

തൊബിയായുടെ അമ്മ അവളുടെ പുത്രന്റെ വരവു നോക്കി കാണുന്നതു. ൭ അവന്റെ അപ്പൻ തന്റെ മരുമകളെ കൈക്കൊള്ളുന്നതു.

എന്നാൽ അവർ വഴിയാത്ര പുറപ്പെട്ടു നിനവയ്ക്കു നേരെയുള്ള ബസറീയിൽ വന്നു.

൨ റഫായേൽ തൊബിയായോടു നിന്റെ പി

Syrian Church.org

താവിന്റെ നിരൂപണ ഞാൻ അറിയുന്നു.

൩ എന്നാൽ ഇപ്പോൾ നീ എഴുനേററു ചെന്ന വീടൊരുക്കുക നിന്റെ ഭാൎയ്യ സമാധാനത്തോടും ആശ്വാസത്തോടും വരട്ടെ എന്നു പറഞ്ഞു.

൪ അവരിരുവരും പുറപ്പെട്ടുപോയി, പട്ടി അവൎക്കു മുമ്പെ ഓടി.

൫ റഫായേൽ തുബിയായോടു മീനിന്റെ കട്ടിനെ നിന്റെ കയ്യിൽ എടുത്തുകൊള്ളുക.

൬ നീ നിന്റെ പിതാവിന്റെ മുമ്പിൽ എത്തി അവൻ അവന്റെ കണ്ണുകളെ തുറന്നുകൊണ്ടു നിന്റെ അടുക്കൽ അടുപ്പിക്കുമ്പോൾ ഈ കട്ടിനെ അവന്റെ കണ്ണിൽ പിഴിഞ്ഞു തേക്കണം തേക്കുമ്പോൾ അവന്റെ കണ്ണുകളിൽ നിന്നു വെള്ളി പൊളിഞ്ഞു വീഴും നിന്റെ പിതാവു പ്രകാശം കാണും എന്നു പറഞ്ഞു.

൭ അന്നാ വഴിയിൽ നോക്കിക്കൊണ്ടു നിന്നിരുന്നു.

൮ പട്ടി ഓടി വരുന്നതിനെ അവൾ കണ്ടു ഓടിച്ചെന്നു ഇതാ നിന്റെ മകൻ വരുന്നു എന്നു തുബീതിനോടു പറഞ്ഞു അവൾ തിരികെ അവളുടെ പുത്രനെ എതിരേല്പാൻ പുറപ്പെട്ടു.

൯ അവൾ അവനെ ആലിംഗനം ചെയ്തു അവന്റെ കഴുത്തിൽ വീണു എന്റെ പുത്രാ ഞാൻ നിന്നെ കണ്ടുവല്ലോ ഇനി ഞാൻ മരിച്ചാൽ ഖേദമില്ല. എന്തെന്നാൽ ഇതാ ഞാൻ നിന്നെ കണ്ടു എന്നു പറഞ്ഞു.

൧൦ അവൻ അവന്റെ പിതാവായ തുബീതിന്റെ അടുക്കൽ വന്നു അവൻ വാതുക്കൽ നിന്നിരുന്നു അവന്റെ പുത്രന്റെ ശബ്ദം കേട്ടപ്പോൾ അവനെ എതിരേല്പാൻ മനസ്സായി അവൻ അവന്റെ പുത്രനെ എതിരേല്പാൻ ഭാവിച്ചാറെ അവൻ തട്ടിവീണു.

൧൧ അവന്റെ പുത്രനായ തുബിയാ ഓടിച്ചെന്നു അവന്റെ പിതാവായ തുബീതിനെ പിടിച്ചു എഴുനേല്പിച്ചു.



൧൨ അവൻ മേല്പോട്ടു മുഖമായി എഴുനേററു അവൻ തന്റെ പുത്രനെ ചുംബിപ്പാൻ ഭാവിച്ചു കണ്ണു രണ്ടും തുറന്നപ്പോൾ തുബിയാ അവന്റെ പിതാവായ തുബീതിന്റെ കണ്ണുകളിൽ ആ കട്ടു പിഴിഞ്ഞു.

൧൩. അവൻ കണ്ണടച്ചു എന്റെ പുത്രനായ തുബിയായെ നീ എന്നോടു എന്തു ചെയ്തു എന്നു പറഞ്ഞു തുബിയാ എന്റെ പിതാവെ മനോധൈൎയ്യത്തോടെ സഹിക്ക.

൧൪ ഈ മരുന്നു നിന്റെ വ്യാധിയെ ഉരുക്കിക്കളയും എന്നു പറഞ്ഞു അവന്റെ പിതാവിനെ ധൈൎയ്യപ്പെടുത്തി.

൧൫ അവൻ അവനെ പിടിച്ചിരിക്കുമ്പോൾ ആ ഔഷധം ആ വെള്ളികളെ പൊളിച്ചുകളഞ്ഞു, തുബീതു പ്രകാശം കണ്ടു ദൈവത്തെ സ്തുതിച്ചു.

൧൬ അവൻ ആകാശത്തിൽ സൂക്ഷിച്ചു അവന്റെ പുത്രനെ ചുംബിച്ചു എന്റെ പുത്രാ ഞാൻ നിന്നെ കണ്ടുവല്ലോ, ഇതാ എന്റെ പുത്രനെ ഞാൻ കണ്ടതുകൊണ്ടു കൎത്താവു പുകഴ്ത്തപ്പെടത്തക്കവനാകുന്നു. അതിശയങ്ങളെ ചെയ്യുന്ന കൎത്താവിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതുമാകു എന്നു പറഞ്ഞു.

൧൭ തുബീതും അവന്റെ ഭാൎയ്യ ആയ അന്നായും ഉണ്ടായ കാൎയ്യത്തെ കുറിച്ചു സന്തോഷിച്ചു സ്തുതിച്ചുകൊണ്ടു വീട്ടിലേക്കു പ്രവേശിച്ചു.

൧൮ തുബിയാ അവന്റെ വഴി ശുഭമായതും ദ്രവ്യം കൊണ്ടുവന്നതും റാഗുവേലിന്റെ മകൾ സാറായെ വിവാഹം ചെയ്തതും അവന്റെ പിതാവിനോടു അറിയിച്ചു ഇതാ അവൾ കോട്ടയുടെ പടിവാതുക്കൽ എത്തിയിരിക്കുന്നു എന്നും പറഞ്ഞു.

൧൯. തുബീതും അവന്റെ ഭാൎയ്യ ആയ അന്നായും സന്തോഷിച്ചു എല്ലാവരും അവളെ എ

Syrian Church.org

തിരേല്പാൻ പുറപ്പെട്ടു അ
വരുടെ അയല്കാരും സ
ന്തോഷിച്ചു ഒരുത്തനും
കൈകൊണ്ടു പിടിക്കാതെ
സൌഖ്യത്തോടെ തുബീ
തു പോകുന്നതു കൊണ്ടു
അവരോടു കൂടെ പോയി
രുന്നവരും അത്ഭുതപ്പെട്ടു.

൨൦ തുബീതു അവ
ന്റെ കണ്ണുകളെ തുറന്ന
ദൈവമായ കൎത്താവി
നെ മഹാ ശബ്ദത്തോ
ടെ സ്തുതിച്ചു.

൨൧ തുബീതു തന്റെ
മരുമകളായ സാറായുടെ
അടുക്കൽ അടുത്തപ്പോൾ
അവളോടു എന്റെ മക
ളെ നീ സമാധാനത്തോ
ടെ വന്നുവോ നിന്റെ
പിതാവുവാഴ്ത്തപ്പെട്ടവനാ
കുന്നു. നിന്റെ മാതാ
വുംവാഴ്ത്തപ്പെട്ടവളാകുന്നു
നിന്നെ എന്റെ അടുക്ക
ൽ കൊണ്ടു വന്നവനും
വാഴ്ത്തപ്പെട്ടവനാകുന്നു.
എന്റെ പുത്രനായ തു
ബിയായും വാഴ്ത്തപ്പെട്ട
വനാകുന്നു, എന്റെ മക
ളെ നീയും വാഴ്ത്തപ്പെട്ടവ
ളാകുന്നു എന്നു പറഞ്ഞു.

൨൨ നിനവയിൽ പാ
ൎത്തിരുന്ന യൂദന്മാൎക്കു ഒ
ക്കയും ആ ദിവസം മഹാ
സന്തോഷമുണ്ടായി. അ
ക്കീക്കാറും അവന്റെ
കൂടെ അവന്റെ സ
ഹോദര പുത്രനായ ലാ
ബോനും തുബീതിന്റെ അ
ടുക്കൽ വന്നു സന്തോ
ഷത്തോടു കൂടെ ഏഴ ദി
വസം വിരുന്നു കഴി
ച്ചു. അവർ വളരെ കാ
ഴ്ചകളും കൊണ്ടുവന്നു.

## ൧൨ അദ്ധ്യായം.

തുബീതു ദൈവദൂതനു നേർപാ
തി കൊടുക്കാമെന്നു പറയുന്ന
തു. താൻ ദൈവദൂതൻ ആകു
ന്നു എന്നു അറിയിക്കുന്നതു.

എന്നാൽ വിരുന്നു കഴി
ഞ്ഞപ്പോൾ തുബീതു അ
വന്റെ പുത്രനോടു എ
ന്റെ പുത്രാ നിന്നോടു
കൂടെ പോന്ന ഈ മനു
ഷ്യനു കൂലി കൊടുപ്പാൻ
നോക്കുക അവന്റെ കൂ
ലി കൂട്ടി കൊടുക്കണം എ
ന്നു പറഞ്ഞു.

൨ തുബിയാ എന്റെ
പിതാവേ എത്ര എങ്കിലും
അവനു കൊടുക്കാം, എ
ന്നോടു കൂടെ കൊണ്ടുവ
ന്നിട്ടുള്ളതിന്റെ പാതിവ
രെ അവനു കൊടുക്കുന്ന



തിനു ഞാൻ ലുബ്ധിക്കു
യില്ല. എന്തെന്നാൽ അ
വൻ വഴിയിൽ എന്നെ
കാത്തു.

൩ എന്റെ ഭാൎയ്യയെ
സൌഖ്യമാക്കി പണം
വാങ്ങിച്ചുകൊണ്ടു വന്നു.
അപ്രകാരം നിന്നെയും
സൌഖ്യമാക്കിയിരിക്കു
ന്നു. എന്നാൽ ഞാൻ അ
വനു ഒട്ടും കുറച്ചു കൊടു
ക്കയില്ല എന്നു പറഞ്ഞു.

൪ തുബീതു നീ കൊ
ണ്ടുവന്നിട്ടുള്ള സകല
ത്തിലും പാതി അവനു
കൊടുക്കുന്നതു ന്യായം
തന്നെ എന്നു പറഞ്ഞു.

൫ അവനെ വിളിച്ചു
അവനോടു ഞാൻ കൊ
ണ്ടുവന്നിട്ടുള്ള സകല
ത്തിലും പാതി വാങ്ങി
സമാധാനത്തോടെ
പോക എന്നു പറഞ്ഞു.

൬ എന്നാൽ അവൻ
ഒരു ഭാഗത്തേക്കു അവ
രെ വിളിച്ചു അവരിരുവ
രോടും ദൈവം നിങ്ങൾ
ക്കു ചെയ്തിരിക്കുന്ന സ
കല നന്മകൾക്കും വേ
ണ്ടി സൎവ്വ മനുഷ്യരുടെ
യും മുമ്പാകെ തന്നെ നി
ങ്ങൾ സ്തുതിച്ചു സ്തോത്രം
ചെയ്യിൻ, എന്തുകൊണ്ടെ
ന്നാൽ ദൈവത്തെ സ്തു
തിക്കയും തന്റെ തിരുനാ
മത്തെ പുകഴ്ത്തുകയും ചെ
യ്യുന്നതു നല്ലതാകുന്നു.

൭ ദൈവവചനങ്ങളെ
സദാ നേരവും നിങ്ങൾ
പറവിൻ എന്തെന്നാൽ
അവ മോക്ഷത്തിന്റെ
രഹസ്യമാകുന്നു. നിങ്ങ
ൾ നന്മ ചെയ്യിൻ നന്മ
കൾ അല്ലാതെ തിന്മ ആ
യുള്ളതു നിങ്ങളിൽ ക
ണ്ടെത്തപ്പെടരുതു.

൮ നോമ്പിലും പ്രാൎത്ഥ
നയിലും മുട്ടിക്കപ്പെട്ടിരി
ക്കണം ധൎമ്മവും നീതി
യും എന്നുള്ള രണ്ടു കാൎയ്യ
ങ്ങൾ ചെയ്യുന്നതു നല്ല
താകുന്നു ധൎമ്മം വലിയ
നിക്ഷേപമാകുന്നു.

൯ ധൎമ്മം മരണത്തിൽ
നിന്നു രക്ഷിക്കും ധൎമ്മം
ചെയ്യുന്നവൻ ജീവങ്ക
ലേക്കു പ്രവേശിക്കും.

൧൦ പാപം ചെയ്യുന്ന
വർ അവരുടെ സ്വന്ത
ജീവന്റെ ശത്രുക്കൾ
ആകുന്നു.

൧൧ എന്നാൽ ഞാൻ
നിങ്ങൾക്കു സത്യം വെ
ളിപ്പെടുത്തും ഞാൻ നി

ങ്ങളിൽനിന്നു മറച്ചു വെ
ക്കയില്ല:
൧൨ എന്നാൽ തൊബീ
തെ! നീയും നിന്റെ മരു
മകൾ സാറായും പ്രാ
ർത്ഥിച്ചപ്പോൾ നിങ്ങൾ
ഇരുവരുടെയും പ്രാർത്ഥ
നയും ദൈവത്തിന്റെ
മുമ്പാകെ കേൾക്കപ്പെട്ടു.
മരിക്കുന്നവരെ കുറിച്ചു
നീ ചെയ്യുന്ന പ്രവൃത്തി
കളും നിന്റെ ധർമ്മങ്ങ
ളും അറിയപ്പെട്ടു നീ രഹ
സ്യമായിട്ടു എഴുന്നേററു
ആ മരിച്ചവനെ എടുത്ത
പ്പോഴും,
൧൩ പരീക്ഷ നിന്റെ
മേൽ വന്നപ്പോഴും,
൧൪ നിന്നെയും നി
ന്റെ മരുമകളേയും ര
ക്ഷിച്ചു സൌഖ്യമാക്കു
വാൻ ദൈവം എന്നെ
അയച്ചു.
൧൫ എന്നാലൊ ദൈവ
ത്തിന്റെ മുമ്പാകെ നില്ക്കു
ന്ന മാലാകാമാരിൽ ഒരു
ത്തനായ റഫായേൽ ഞാ
നാകുന്നു എന്നു പറഞ്ഞു.
൧൬ അവരിരുവരും
പേടിച്ചു വിറച്ചു നിലത്തു
മുഖം കവിണ്ണു വീണു.
൧൭ അവൻ അവരോ
ടു നിങ്ങൾ ഭയപ്പെടരുതു
നിങ്ങൾക്കു സമാധാനം
ദൈവത്തെ സ്തുതിപ്പിൻ.
൧൮ എന്തെന്നാൽ ഇ
വ ഉണ്ടായ്തു എന്റെ കൃ
പ കൊണ്ടല്ല ദൈവത്തി
ന്റെ കൃപകൊണ്ടത്രെ.
൧൯ ഞാൻ ഭക്ഷിച്ചു
മില്ല കുടിച്ചുമില്ല എന്നാ
ൽ ഞാൻ ഭക്ഷിക്കയും
കുടിക്കയും ചെയ്യുന്നു എ
ന്നു നിങ്ങൾക്കു തോന്നു
ക ആയിരുന്നു.
൨൦ എന്നാൽ ഇപ്പോൾ
നിലത്തുനിന്നു എഴുന്നേ
ററു ഒരു പുസ്തകത്തിൽ
ഇവയെ എഴുതി ദൈവ
ത്തെ സ്തുതിപ്പിൻ എന്തെ
ന്നാൽ ഇതാ ഞാൻ എ
ന്നെ അയച്ചവന്റെ അ
ടുക്കൽ കരേറുന്നു, എന്നു
പറഞ്ഞു,
൨൧ അവർ എഴുന്നേ
ററു അവനെ അന്വേഷി
ച്ചപ്പോൾ അവൻ ഇല്ലാ
യിരുന്നു. അവർ ദൈവ
ത്തെ സ്തുതിച്ചു താൻ അ
വരോടു ചെയ്ത കൃപയെ
ഏററു പറഞ്ഞു

## ൧൩ അദ്ധ്യായം.

തൊബീതു എഴുതിയ സ്തോത്രം.

തൊബീതു ൧ാം സന്തോ



ഷ സ്തുതിയെ എഴുതി ഇ
പ്രകാരം പറഞ്ഞു ജീവ
നുള്ള ദൈവമേ നിന്റെ
രാജ്യത്തിനു അഴിവില്ലാ
ത്തവനായ നീ സ്തോ
ത്രം ചെയ്യപ്പെട്ടവനാകു
ന്നു.
൨ എന്തെന്നാൽ നീ
അടിക്കയും അനുഗ്രഹി
ക്കയും ചെയ്യുന്നു നീ പാ
താളത്തിലേക്കു ഇറക്കുക
യും കേററുകയും ചെയ്യു
ന്നു. നിന്റെ മുമ്പാകെ
നിന്നു ഓടിപ്പോകുവാൻ
ആർക്കും കഴിയുന്നതല്ല.
൩ ഇസ്രായേൽ മക്ക
ളെ, പുറജാതികളുടെ മു
മ്പാകെ തന്നെ സ്തോത്രം
ചെയ്യിൻ.
൪ എന്തുകൊണ്ടെന്നാ
ൽ താൻ നമ്മെ അവരു
ടെ ഇടയിൽ ചിതറിച്ചി
രിക്കുന്നു. തന്നെ പോ
ലെ ആരും ഇല്ല താൻ
ചെയ്യുന്ന അത്ഭുതംപോ
ലെയുമില്ല. എന്തെന്നാൽ
താൻ എന്നന്നേക്കും ന
മ്മുടെ കർത്താവും നമ്മുടെ
ദൈവവും നമ്മുടെ പി
താവും ആകുന്നു.
൫ എന്നാൽ ഇവ ന
മ്മുടെ പാപം നിമിത്തമാ
കുന്നു. നാം വെടിപ്പുള്ള
ഹൃദയത്തോടു കൂടെ ത
ന്റെ അടുക്കൽ തിരിഞ്ഞു
തന്റെ മുമ്പാകെ നീതി
ചെയ്യുമ്പൊൾ താൻ തി
രിഞ്ഞു നമ്മെ അനുഗ്ര
ഹിക്കും അവരുടെ ഇട
യിൽ നാം ചിതറിയിരി
ക്കുന്ന സകല ജാതികളി
ൽനിന്നും നമ്മെ കൂട്ടി
ച്ചേർക്കും.
൬. ഇപ്പോൾ ഞങ്ങൾ
ക്കു ചെയ്തിരിക്കുന്ന സ
കലത്തേയും നിങ്ങൾ ക
ണ്ടു നിങ്ങളുടെ പൂർണ്ണ ഹൃ
ദയത്തോടു കൂടെ തന്റെ
തിരു മുമ്പാകെ സ്തോത്രം
ചെയ്യിൻ.
൭ നീതിയുള്ള ദൈവ
വത്തെ സ്തുതിപ്പിൻ നി
ത്യനായ രാജാവിനെ പു
കഴ്ത്തുവിൻ.
൮ പാപികളെ തിരി
ഞ്ഞു തന്റെ മുമ്പാകെ
നീതി ചെയ്യിൻ തനിക്കു
നിങ്ങളോടു ഇഷ്ടമുണ്ടാ
യി നിങ്ങളെ അനുഗ്ര
ഹിക്കും.
൯ എന്തെന്നാൽ ഇതാ
എന്റെ ദൈവത്തെ ഞാ
ൻ പുകഴ്ത്തുന്നു എന്റെ
ആത്മാവു എന്റെ ദൈ

SyrianChurch.org

വത്തിൽ തൃപ്തിപ്പെടുന്നു.

൧൦ എന്നാൽ വിശുദ്ധ ഓർശലേം നഗരത്തിൽ തന്റെ മുമ്പാകെ നിങ്ങൾ സ്തോത്രം ചെയ്യിൻ.

## ൧൪ അദ്ധ്യായം.

തുബീതു തന്റെ മകനോടു ഗുണദോഷം പറയുന്നതു ൧൧ അവനും അവന്റെ ഭാര്യ്യയും മരിക്കുന്നതു. ൧൪. തുബിയാ നിനവയുടെ നാശം കേട്ട ശേഷം എക്കബാത്താനായിൽ വച്ചു മരിക്കുന്നതു.

തുബീതു സ്തോത്രങ്ങളോടു കൂടെ അവന്റെ വചനങ്ങളെ തികച്ചതിന്റെ ശേഷം സമാധാനത്തോടെ വാർദ്ധക്യമുള്ളവനായി തീൎന്നു.

൨ നൂററു രണ്ടു വയസ്സുള്ളവനായി മരിച്ചുവല്യ മഹിമയോടു കൂടെ നിനവയിൽ അടക്കപ്പെട്ടു.

൩ അവൻ അമ്പത്തെട്ടു വയസ്സിൽ കുരുടനായി ഏഴു സംവത്സരം കുരുടനായി ജീവിച്ചു ദൈവം അവനു തിരികെ പ്രകാശം കൊടുത്ത അവന്റെ കണ്ണു തുറന്നതിന്റെ ശേഷം പിന്നെ മുപ്പത്തേഴ സംവത്സരം അവൻ ജീവിച്ചു.

൪ അവന്റെ ആയുസ്സ കാലത്തു ഒക്കയും കരുണെയും ധർമ്മവും ചെയ്തുകൊണ്ടു ദൈവത്തെ സ്തോത്രം ചെയ്തിരുന്നു.

൫ അവൻ മരിപ്പാറായപ്പോൾ അവന്റെ പുത്രനായ തുബിയായെയും അവന്റെ ആറു പൌത്രന്മാരെയും വിളിച്ചു അവനോടു.

൬ എന്റെ പുത്രാ ഞാൻ മരിച്ചു എന്നെ അടക്കിയ ശെഷം നിന്റെ മക്കളേയും കൊണ്ടു നീ മാദായിക്കു പോക എന്തെന്നാൽ ആറാമായെ കുറിച്ചും നിനവയെ കുറിച്ചും കർത്താവിന്റെ നാമത്തിൽ പറഞ്ഞിട്ടുള്ള ദീർഘദർശിയുടെ വചനം വിശ്വസിക്കത്തക്കതാകുന്നു അവയിൽ ഒന്നും തെററിപ്പോകയില്ല എന്നാൽ നിനവയെക്കാളും ആറാമായക്കാരെക്കാളും ബാബേലിനെക്കാളും മാദായിൽ അധിക ശുഭമുണ്ടാകും.

൭ ഓർശലേമിൽ വസിക്കുന്ന നമ്മുടെ സഹോദരന്മാർ ഇസ്രായേൽ ഭവനത്തിൽ നിന്നു സകല രാജ്യത്തും ചിതറപ്പെടും ആ നല്ല ദേശവും ദൈവ ഭവനവും നഗരവും ശൂന്യമാകും.

൮ ഇവയുടെ ശേഷം താൻ കരുണെ ചെയ്തു ഇസ്രായേലിൽ ശേഷിച്ചവരെ തിരിച്ചു വരുത്തും അവർ ഭവനത്തെ പണിയും അടിമയിലായിരിക്കുന്ന നമ്മുടെ ജാതികൾ ഒക്കയും തിരിച്ചു വരും കർത്താവിന്റെ നാമത്തിൽ ഇസ്രായേലിൽ സംസാരിച്ചവരായ ദീർഘദർശിമാർ ദീർഘദർശനം പറഞ്ഞപ്രകാരം ലോകത്തിലെ സകല വംശങ്ങൾക്കും മഹത്വമായി ഓർശലേമും ദൈവഭവനവും പണിയപ്പെടും.

൯ സകല ജാതികളും ഇസ്രായേലിന്റെ ദൈവത്തിങ്കലേക്കു തിരിഞ്ഞു നീതി ആയിട്ടു തന്നെ ഭയപ്പെടും

൧൦ എന്നാൽ നിങ്ങൾ തന്റെ മുമ്പാകെ നന്നായുള്ളതിനെ ചെയ്യിൻ.

൧൧ ധർമ്മവും നീതിയും ചെയ്യണമെന്നും കർത്താവിനെ ഓൎക്കണമെന്നും സദാകാലത്തിലുമൊഴം അവരുടെ പൂർണ്ണ ശക്തിയോടു കൂടെ തന്റെ തിരുനാമത്തെ സ്തുതിക്കണമെന്നും നിങ്ങളുടെ മക്കളോടു കല്പിപ്പിൻ.

൧൨ ഇപ്പോൾ എന്റെ പുത്രാ നീ എന്നെയും നിന്റെ മാതാവിനെയും അടക്കിയ ശേഷം വളരെ ദുഷ്ടന്മാർ ഇതിൽ ഉള്ളതാകകൊണ്ടു നിനവയിൽ നിന്നു പുറപ്പെട്ടു പോക. എന്തെന്നാൽ ആക്കാബ് തുബിയായെ വളൎത്തിയ അക്കിക്കാറിനോടു ദേശത്തു കടക്കാതവണ്ണം പ്രതിപകരം ചെയ്തു ആക്കാബു അന്ധകാരത്തിൽ പ്രവേശിച്ചു അക്കിക്കാർ അക്കാബു അവനു വെച്ചിട്ടുള്ള കണിയിൽ നിന്നു പുറപ്പെട്ടു ദേശത്തു പ്രവേശിക്കയും ചെയ്തു.

൧൩ തുബീതു ഈ വചനങ്ങളെ തികച്ചപ്പോൾ കട്ടിലിൽ കിടന്നു അവന്റെ ആത്മാവു വാങ്ങിപ്പോയി. കോലാഹ

ലത്തോടു കൂടെ അവനെ അടക്കം ചെയ്തു.

൧൪ അന്നാ മരിച്ചപ്പോൾ തൂബിയാ അവന്റെ പിതാവായ തൂബീതിന്റെ അടുക്കൽ അവളെ അടക്കി. അതിന്റെ ശേഷം അവൻ അവന്റെ ഭാര്യയെയും പുത്രന്മാരെയും കൂട്ടികൊണ്ടു മാദായിക്കു പോയി.

൧൫ അവന്റെ അമ്മായി അപ്പനായ റാഗുവേലിന്റെ അടുക്കൽ എക്കബൊത്താനായിൽ പാർത്തു. വല്യ ബഹുമാനത്തോടു കൂടെ അവന്റെ അമ്മായിഅപ്പന്റെ വാർദ്ധക്യത്തെ രക്ഷിച്ചു എക്കബൊത്താനായിൽ അവരെ അടക്കി.

൧൬ അവന്റെ അമ്മായി അപ്പന്റെ ഭവനവും അവന്റെ പിതാവിന്റെ ഭവനവും തൂബിയായ്ക്കു അവകാശമായി.

൧൭ എന്നാൽ തൂബിയാ നൂറേറഴ വയസ്സുള്ളവനായി മരിച്ചു അവൻ മരിക്കുന്നതിനു മുമ്പെ നിനവയുടെ നാശത്തെയും മാദായിലെക്കു കൊണ്ടുചെന്ന അടിമ കൂട്ടത്തെയും കണ്ടു താൻ ചെയ്ത സകലത്തെ കുറിച്ചും ദൈവത്തെ സ്തുതിച്ചു.

൧൮ അവൻ മരിക്കുന്നതിനു മുമ്പെ നിനവയെ ചെന്നു കാണുകയും ചെയ്തു.

# ദാനിയേലിന്റെ ചെറുപ്പത്തിലെ കഥ.

ശൂശാന്റെ ചരിത്രം

യോയാക്കിം എന്നു പേരായ ഒരു മനുഷ്യൻ ബാബേലിൽ വസിച്ചിരുന്നു.

൨ അവൻ ഒരു സ്ത്രീയെ വിവാഹം ചെയ്തു. അവളുടെ പേർ ശൂശാൻ എന്നായിരുന്നു. അവൾ ഹല്ക്കാനായുടെ പുത്രിയും എത്രയും സൌന്ദര്യമുള്ളവളും കർത്താവിനെ ഭയപ്പെടുന്നവളുമായിരുന്നു.

൩ അവളുടെ മാതാപിതാക്കന്മാർ നീതിയുള്ളവരായിരുന്നു അവർ തങ്ങളുടെ പുത്രിയെ മോശയുടെ ന്യായപ്രമാണം ഒക്കെയും പഠിപ്പിച്ചു.

൪ അവളുടെ ഭർത്താവായ യോയാക്കിം എത്രയും മഹാ സമ്പന്നനായിരുന്നു. അവന്റെ വീടോടു ചേർന്ന ഒരു തോട്ടം ഉണ്ടായിരുന്നു, അവൻ എല്ലാവരിലും മാനമുള്ളവനായിരുന്നതു കൊണ്ടു യൂദന്മാരൊക്കെയും അവന്റെ അടുക്കൽ കൂടി വന്നിരുന്നു.

൫ ആയാണ്ടിൽ തന്നെ രണ്ടു മൂപ്പന്മാരെ ജനത്തിന്റെ തലവരും ന്യായാധിപന്മാരുമായിട്ടു നിയമിച്ചു. ഇപ്രകാരമുള്ളവരെ കുറിച്ചു ദൈവം പറഞ്ഞിരിക്കുന്നതു ആലയത്തിനു ശുശ്രൂഷിക്കുന്ന മൂപ്പന്മാരിൽനിന്നും ന്യായാധിപന്മാരിൽ നിന്നും, ഇവരിൽനിന്നു: ബാബേലിൽ നിന്നു തന്നെ ദുഷ്ടത പുറപ്പെട്ടു.

൬ ഇവർ എപ്പോഴും യോയാക്കിമിന്റെ വീ

SyrianChurch.org

ട്ടിൽ വന്നിരുന്നു. വ്യവഹാരമുള്ളവരൊക്കെയും വന്നു കാൎയ്യം തീൎത്തുമിരുന്നു.

൭ ഉച്ചെക്കു ജനങ്ങൾ ഒക്കെയും പോയപ്പോൾ ശൂശാനും അവളുടെ ബാല്യക്കാരികളും അവളുടെ ഭൎത്താവിന്റെ തോട്ടത്തിൽ (നടപ്പാൻ) പോയി.

൮ അവൾ തന്റെ ഭൎത്താവിന്റെ തോട്ടത്തിൽ നിത്യവും പോകുന്നതും നടക്കുന്നതും ആ മൂപ്പന്മാർ കണ്ടു അവളെ മോഹിച്ചു

൯ അവരുടെ ബോധങ്ങളെ മറിച്ചു സ്വൎഗ്ഗത്തിലേക്കു നോക്കാതെയും നീതിയുള്ള ജനത്തെ ഓൎക്കാതെയുമിരിപ്പാൻ തങ്ങളുടെ കണ്ണുകളെ തിരിച്ചു.

൧൦ സ്ത്രീകളോടുള്ള മറ പോലെ അവളോടു കൂടെ ആകുവാൻ അവർ ഇരുവരും ആഗ്രഹിച്ചു.

൧൧ അവർ രഹസ്യത്തിൽ അവളോടു കൂടെ ആകെണമെന്നു ഭാവിച്ചിരുന്നതിനാൽ അവരുടെ വ്യസനത്തെ തമ്മിൽ തമ്മിൽ വെളിപ്പെടുത്തിയില്ല.

൧൨ എന്നാൽ അവർ അവളെ നിത്യവും കാണുന്നതിനു ജാഗ്രതയായി കാത്തിരുന്നു.

൧൩ അവർ തമ്മിൽ, മുത്താഴ സമയമായിരുന്നതുകൊണ്ടു, ഇവിടെ നിന്നു നമുക്കു പോകാം, എന്നു പറഞ്ഞു.

൧൪. അവർ ഒരുമിച്ചു പുറപ്പെട്ടു വഞ്ചനയായി തമ്മിൽ വേർപിരിഞ്ഞു അവർ ഇരുവരും അറിയാതെ തിരിച്ചു വന്നു ഇരുവരും അവിടെ തന്നെ വന്നു തമ്മിൽ എതിരേററു. അവർ വഞ്ചനയായി ചെയ്ത കാൎയ്യത്തിൽ ലജ്ജിച്ചുകൊണ്ടു അവർ ഇരുന്നു പ്രതപൂൎണ്ണതയുള്ളവളെ മോഹിച്ചു മതിവരാത്തതും നശിപ്പിക്കുന്നതുമായ തങ്ങളുടെ ആഗ്രഹത്തെ തമ്മിൽ തമ്മിൽ വെളിപ്പെടുത്തി അതുമുതൽ അവർ അവളെ തനിച്ചു കണ്ടു, നല്ല ഓൎമ്മയ്ക്കു യോഗ്യമുള്ളവളായ സുകൃതയെ അപമാനിപ്പാൻസമയം കാത്തിരുന്നു.



൧൫ അങ്ങനെ അവർ കാത്തിരിക്കുമ്പോൾ നിത്യവും എന്ന പോലെ അവൾ രണ്ടു ബാല്യക്കാരികളൊടു കൂടെ പോകുന്നതിനെ അവർ കണ്ടു, ഉഷ്ണമായിരുന്നതു കൊണ്ടു തോട്ടത്തിൽ കുളിപ്പാൻ അവൾ ആഗ്രഹിച്ചു.

൧൬ ആ മൂപ്പന്മാർ ചെന്നു തോട്ടത്തിൽ ഒളിച്ചിരുന്നു അവർ രണ്ടു പേരുമല്ലാതെ തോട്ടത്തിൽ മററാരും ഇല്ലാഞ്ഞു.

൧൭ ശൂശാൻ തന്റെ ബാല്യക്കാരികളോടു നിങ്ങൾ പോയി ഇനിക്കു എണ്ണയും ചവൎക്കാരവും കൊണ്ടുവരുവിൻ കുളിക്കുന്നതുവരെ വാതിലും അടപ്പിൻഎന്നുപറഞ്ഞു.

൧൮ അവർ തങ്ങളോടു കല്പിച്ചവണ്ണം ചെയ്തു, തോട്ടത്തിന്റെ വാതിൽ അടച്ചു കല്പിച്ചതു കൊണ്ടുവരുന്നതിനു പോയി, അവിടെ ഒളിച്ചിരുന്ന മൂപ്പന്മാരെ അവർ കണ്ടതുമില്ല.

൧൯ ശൂശാന്റെ ബാല്യക്കാരികൾ പുറത്തു പോയപ്പോൾ ആ മൂപ്പന്മാർ അവളുടെ അടുക്കൽ ഓടിച്ചെന്നു അവളോടു,

൨൦ ഇതാ തോട്ടത്തിന്റെ വാതിലുകൾ അടച്ചിരിക്കുന്നു ഒരുത്തനും നമ്മെ കാണുകയില്ല. ഞങ്ങൾക്കു നിന്നോടു ആഗ്രഹം ആയിരിക്കകൊണ്ടു ഞങ്ങളോടു കൂടെ ശയിക്ക.

൨൧ നിനക്കു ഞങ്ങളോടു കൂടെ ശയിക്കുന്നതിനു മനസ്സില്ലെങ്കിൽ ഒരു യൌവനക്കാരൻ നിന്നോടു കൂടെ ശയിച്ചു എന്നും ഇതു നിമിത്തം നിന്റെ ബാല്യക്കാരികളെ നിന്റെ അടുക്കൽനിന്നു അയച്ചു എന്നും ഞങ്ങൾ നിനക്കു വിരോധമായി കള്ളസാക്ഷി പറയും എന്നു പറഞ്ഞു.

൨൨ ശൂശാൻ വിചാരിച്ചു പറഞ്ഞു ഇരുഭാഗത്തും ഇനിക്കു ഞെരുക്കമാകുന്നു ഞാൻ ഇതു ചെയ്താൽ എന്റെ ഭൎത്താവായ യോയാക്കിമിന്റെ കിടക്കയെ അപമാനിക്കുന്നതുകൊണ്ടു ദൈവതിരുസന്നിധിയിൽ നിന്നു

SyrianChurch.org

ഇനിക്കു മരണമാകുന്നു ഇതു ചെയ്യാതിരുന്നാൽ എന്റെ സ്വാതന്ത്ര്യത്തിനു യോഗ്യമല്ലാത്ത ദുർന്നാമത്തോടെ നികൃഷ്ടമരണം നിങ്ങൾ മുഖാന്തിരം അനുഭവിക്കേണ്ടിവരും അന്യ ജാതികളുടെ ഇടയിൽ പരിഹാസത്തിനു ഇസ്രായേലിന്റെ നാശവും തിന്മയും വർദ്ധിപ്പിക്കുന്ന വഞ്ചകന്മാരായ മനുഷ്യരുടെ കള്ളസാക്ഷിമൂലം എന്റെ വംശത്തിനു ഒക്കെയും ഞാൻ ലജ്ജയെ ശേഷിപ്പിക്കേണ്ടിയും വരും.

൨൩ കർത്താവിന്റെ മുമ്പാകെ പാപം ചെയ്യുന്നതിനെക്കാൾ അന്യായമായി നിങ്ങളുടെ കൈകളാൽ മരിക്കുന്നതു ഇനിക്കു നല്ലതു ഏതും തനിക്കു മറവി ആയിരിക്കുന്നില്ല താൻ നിങ്ങളുടെ കൈകളിൽ നിന്നു എന്നെ രക്ഷിക്കുമെന്നു ഞാൻ തന്നിൽ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞു

൨൪ ശൂശാൻ ദുർമ്മോഹികളായ പുരുഷന്മാരുടെ കൈകളിൽനിന്നുള്ള തന്റെ ഞെരുക്കത്തെ കുറിച്ചു മഹാ ശബ്ദത്തോടെ നിലവിളിച്ചു, ആ മൂപ്പന്മാരും അവൾക്കു വിരോധമായി അട്ടഹാസിച്ചു.

൨൫ അവരിൽ ഒരുത്തൻ ഓടിച്ചെന്നു തോട്ടവാതിലുകളും തുറന്നു.

൨൬ തോട്ടത്തിലെ ഈ നിലവിളി ശൂശാന്റെ വീട്ടുകാർ കേട്ടപ്പോൾ അവൾക്കു എന്തു ഭവിച്ചു എന്നു നോക്കുവാനായിട്ടു ഓടി വന്നു, ശൂശാന്റെ ആളുകൾ ഒക്കെയും കൂടിയപ്പോൾ മൂപ്പന്മാർ അവളെ കുറിച്ചു കള്ളസാക്ഷി പറഞ്ഞു തുടങ്ങി ഞങ്ങൾ തോട്ടത്തിനു പുറമെ പോകുമ്പോൾ തോട്ടം കാണ്മാൻ നോക്കി അപ്പോൾ ശൂശാനോടു കൂടെ ഒരു യൌവനക്കാരൻ ശയിക്കുന്നതു ഞങ്ങൾ കണ്ടു അവരെ പിടിപ്പാൻ ഞങ്ങൾ ഓടിവന്നു ആ യൌവനക്കാരൻ ഞങ്ങളെക്കാൾ ബലവാനായിരുന്നതുകൊണ്ടു അവനെ പിടിപ്പാൻ കഴിഞ്ഞില്ല.



൨൭ ശൂശാന്റെ ആളുകൾ മൂപ്പന്മാരുടെ വചനങ്ങളെ കേട്ടപ്പോൾ അവൾ ചെയ്തു എന്നു അവർ പറഞ്ഞ കാര്യത്തിൽ ലജ്ജിച്ചു.

൨൮ പിറ്റെ ദിവസം ഉണ്ടായതു എന്തെന്നാൽ ശൂശാൻ ഈ മ്ലേച്ഛത പ്രവൃത്തിച്ചു തന്റെ ഭർത്താവായ യോയാക്കിമിന്റെ കിടക്കയെ അപമാനിച്ചതു സത്യമെങ്കിൽ അവളെ കൊല്ലുവാനായിട്ടു അവളെകുറിച്ചു വിചാരണ നടത്തുവാൻ ജനം ഒക്കെയും അവളുടെ ഭർത്താവായ യോയാക്കിമിന്റെ അടുക്കൽ കൂടപ്പെട്ടു വഞ്ചനയായിട്ടു അവളെ കുറ്റപ്പെടുത്തുവാൻ ആ രണ്ടു മൂപ്പന്മാരും വന്നു.

൨൯ യോയാക്കിമിന്റെ ഭാര്യയായി ഹല്ക്കാനായുടെ പുത്രിയായ ശൂശാനു ആളയപ്പിൻ എന്നു അവർ ജനത്തിന്റെ മുമ്പാകെ പറഞ്ഞു അവൾക്കു ആളയക്കുകയും ചെയ്തു.

൩൦ അവളും അവളുടെ വംശക്കാരൊക്കെയും അവളെ അറിയുന്നവരൊക്കെയും അവളോടു സ്നേഹമുള്ളവരും വന്നു. അവർ ജനക്കൂട്ടത്തിന്റെ ഒക്കെയും നടുവിൽനിന്നു.

൩൧ അവൾ കാഴ്ചക്കു എത്രയും ഭംഗിയുള്ളവളും എല്ലാ സ്ത്രീകളെക്കാൾ വിനയമുള്ളവളും അവളുടെ ചമയം എത്രയും അടക്കമുള്ളതും ആയിരുന്നു.

൩൨ ആ ദുഷ്ടന്മാർ അവളെ കണ്ടപ്പോൾ അവളുടെ സൌന്ദര്യത്തെ കണ്ടെങ്കിലും സമ്പൂർണ്ണമാവാൻ അവളുടെ മൂടുപടം നീക്കുന്നതിനു അവർ കല്പിച്ചു.

൩൩ ആയതുകൊണ്ടു കാഴ്ചക്കാർ ഒക്കെയും അവളുടെ ശേഷക്കാരോടു കൂടെ കരഞ്ഞു.

൩൪ ബഹുജനം അവളെ ചുറ്റിയിരിക്കുമ്പോൾ ആ രണ്ടു മൂപ്പന്മാരും പ്രവേശിച്ചു അവളെകുറിച്ചു കള്ളസാക്ഷി പറഞ്ഞു ശൂശാന്റെ തലയിൽ കൈ വെച്ചു ഇവൾ ഒരു യൌവനക്കാരനോട കൂടെ ശ

യിക്കുന്നതു ഞങ്ങൾ കണ്ടു എന്നു പറഞ്ഞു.

൩൫ എന്നാൽ ശ്രൂശാൻ തനിക്കു ഭവിച്ചിട്ടുള്ള കാൎയ്യത്തെകുറിച്ചു ആത്മകല്ലോടു കൂടെ കൎത്താവിന്റെ അടുക്കൽ സ്വൎഗ്ഗത്തിലേക്കു തന്റെ കണ്ണുകളെ ഉയൎത്തി എന്തെന്നാൽ അവളുടെ ഹൃദയം ദൈവത്തിങ്കൽ വെച്ചിരുന്നു.

൩൬ എന്നാൽ ആ മൂപ്പന്മാർ ഞങ്ങൾ ഇന്നലെ തോട്ടത്തിനു പുറമെ നടക്കുമ്പോൾ ശ്രൂശാനും അവളോടു കൂടെ അവളുടെ രണ്ടു ബാല്യസ്ത്രീകളും വന്നു തോട്ടത്തിലേക്കു പ്രവേശിച്ചു അവൾ അവളുടെ ദാസികളെ അയച്ചു തോട്ടത്തിന്റെ വാതിലുകളും അടച്ചു.

൩൭ അവൾക്കായിട്ടു ഒളിച്ചിരുന്ന ഒരു യൌവനക്കാരൻ വന്നു അവളോടു കൂടെ ശയിച്ചു.

൩൮ ഞങ്ങൾ തോട്ടത്തിനു അകത്തു പ്രവേശിച്ചു ൟ ദുഷ്ടതയെ ഞങ്ങൾ കണ്ടു അവരുടെ അടുക്കൽ ഓടി ചെന്നു അവർ ശയിക്കുന്നതിനെ കണ്ടെത്തി,

൩൯ ആ യൌവനക്കാരൻ ഞങ്ങളെക്കാൾ ബലമുള്ളവനായിരുന്നതുകൊണ്ടു അവനെ പിടിപ്പാൻ ഞങ്ങൾക്കു കഴിഞ്ഞില്ല അവൻ തോട്ടത്തിന്റെ വാതിൽ തുറന്നു ഓടിപ്പോയി.

൪൦ എന്നാൽ ഞങ്ങൾ ഇവളെ പിടിച്ചു നിന്നോടു കൂടെ ശയിച്ചു ആ യൌവനക്കാരൻ ആരെന്നു അവളോടു ചോദിച്ചു അവൻ ആരെന്നു ഞങ്ങളോടു ഏററു പറയുന്നതിനു അവൾക്കു മനസ്സായില്ല എന്നാൽ ഈ കാൎയ്യം അവളെ കുറിച്ചു നിങ്ങളുടെ മുമ്പാകെ ഞങ്ങൾ സാക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു.

൪൧ അവർ ജനത്തിന്റെ മൂപ്പന്മാരും ന്യായാധിപന്മാരും ആയിരുന്നതുകൊണ്ടു കൂട്ടം ഒക്കയും അവരെ വിശ്വസിച്ചു അവർ അവളെകൊലെക്കു വിധിച്ചു

൪൨ അപ്പോൾ ശ്രൂശാൻ മഹാ ശബ്ദത്തോടെ അട്ടഹാസിച്ചു രഹസ്യങ്ങളെ അറിയുന്നവനും സകലകാൎയ്യത്തേയുംമുൻകൂട്ടി ഗ്രഹിക്കുന്നവനുമായിനിത്യനായദൈവമെ.



൪൩ ഇവർ ഇനിക്കു വിരോധമായി കള്ള സാക്ഷി പറയുന്നു എന്നു നീ അറിയുന്നു ഇവർ എന്നെ കൊണ്ടു അപവാദം പറഞ്ഞിരിക്കുന്ന കാൎയ്യം ഞാൻ ചെയ്യാത കണ്ടു ഇതാ ഞാൻ മരിക്കുന്നു എന്നു പറഞ്ഞു.

൪൪ ദൈവം അവളുടെ ശബ്ദത്തെ കേട്ടു അവർ അവളെ കൊല്ലുവാൻകൊണ്ടുപോകുമ്പോൾ

൪൫ ദൈവം ദാനിയേലെന്ന പൈതലിൽ തന്റെ പരിശുദ്ധാത്മാവിനെ ഇളക്കി.

൪൬ അവൻ മഹാ ശബ്ദത്തോട അട്ടഹാസിച്ചു ൟ സ്ത്രീയുടെ രക്തത്തിൽനിന്നു ഞാൻ വെടിപ്പുള്ളവനാകുന്നു എന്നു പറഞ്ഞു.

൪൭. ജനം എല്ലാം അവന്റെ അടുക്കൽ ഓടി ച്ചെന്നു നീ പറഞ്ഞിട്ടുള്ള കാൎയ്യം എന്തു! എന്നു അവനോടു പറഞ്ഞു.

൪൮ ദാനിയേൽ ജനക്കൂട്ടത്തിന്റെ നടുവിൽ നിന്നു ഇസ്രായേൽ പുത്രന്മാരെ നിങ്ങൾ ഇപ്രകാരം ഭോഷന്മാരാകുന്നുവൊ? നിങ്ങൾ നീതിയായിട്ടു വിധിക്കുന്നില്ല കല്പനപ്രകാരം നിങ്ങൾ തിരക്കുന്നില്ല അസത്യമായിട്ടു ഇസ്രായേലിൽ ഉള്ളവളെ നിങ്ങൾ വിധിച്ചിരിക്കുന്നു.

൪൯ നിങ്ങൾ ന്യായസ്ഥലത്തേക്കു തിരിച്ചു പോകുവിൻ എന്തുകൊണ്ടെന്നാൽ ഇവർ ൟ സ്ത്രീക്കു വിരോധമായി കള്ള സാക്ഷി പറഞ്ഞിരിക്കുന്നു ജനം ഒക്കയും അവനോടു കൂടെ ബദ്ധപ്പെട്ടു തിരിച്ചു പോയി

൫൦ ആ രണ്ടു മൂപ്പന്മാർ അവനോടു നീ വന്നു ഞങ്ങളുടെ നടുവിൽ ഇരിക്ക എന്തുകൊണ്ടെന്നാൽ ദൈവം നിനക്കു മൂപ്പന്റെഅവസ്ഥ തന്നിരിക്കുന്നു നീ ഞങ്ങളോടു വിവരമറിയിക്ക എന്നു പറഞ്ഞു.

syrianchurch.org

൫൧ എന്നാൽ ദാനിയേൽ ജനത്തോടു ഇവരെ തമ്മിൽ വേർ തിരിച്ചു ഓരോരുത്തനെ ദൂരെ നിൎത്തുവിൻ ഞാൻ അവരെ വിസ്തരിക്കാം എന്നു പറഞ്ഞു.

൫൨ എന്നാൽ അവരെ തമ്മിൽ വേർ തിരിച്ചപ്പോൾ ദാനിയേൽ അവരിൽ ഒരുത്തനെ വിളിച്ചു അവനോടു ദുൎദിവസങ്ങളിൽ പഴകിയവനെ മുമ്പെ നേരുകേടായി വിധിച്ചതിനാൽ നീ ചെയ്തിരിക്കുന്ന പാപങ്ങൾ ഇപ്പോൾ നിനക്കു വിരോധമായി വന്നിരിക്കുന്നു.

൫൩ നീ കുററമില്ലാത്തവരെ കുററം വിധിച്ചു മരണത്തിനു യോഗ്യരായ കുററക്കാരെ വിട്ടയക്കുന്നു ദൈവം നീതിയുള്ളവനും കുററമില്ലാത്തവനുമാകുന്നു.

൫൪ നീ ഒരം സ്ത്രീയെ കുറിച്ചു എന്തു കണ്ടു ഏതു വൃക്ഷത്തിൻ കീഴ അവർ സംസാരിക്കുന്നതു കണ്ടു എന്നു ഇപ്പോൾ ഞങ്ങളോടു വിവരം അറിയിക്ക എന്നു പറഞ്ഞു.

൫൫ ബൈത്തമസ വൃക്ഷത്തിൻ കീഴെ വച്ചു എന്നു അവൻ പറഞ്ഞു ദാനിയേൽ അവനോടു നിൻെറ തലെക്കു വിരോധമായി നീ കള്ളസ്സാക്ഷി പറഞ്ഞിരിക്കുന്നു നിശ്ചയം എന്തെന്നാൽ നിന്നെ നടുവെ പിളൎന്നു ഒരു ഭാഗത്തു ഇടുന്നതിനു ദൈവത്തിങ്കൽ നിന്നു ജ്ഞാനമുള്ള വിധിയെ കൎത്താവിൻെറ ദൂതൻ ഇറക്കി കൊണ്ടു വന്നിരിക്കുന്നു എന്നു പറഞ്ഞു.

൫൬. പിന്നെ മറെറ മൂപ്പനെ കൊണ്ടുവരുവാൻ അവൻ പറഞ്ഞു ദാനിയേൽ അവനോടു യൂദായുടെ അല്ല കനാൻെറ സന്തതിയായുള്ളോവെ അതി സൌന്ദൎയ്യം നിന്നെ വഞ്ചിക്കയും ദുൎമോഹം നിൻെറ ഹൃദയത്തെ മറിക്കയും ചെയ്തു.

൫൭ എന്നാൽ ഇപ്രകാരം ഇസ്രായേൽ പുത്രിമാരോടു നിങ്ങൾ പെരുമാറി എന്തെന്നാൽ അവർ ഭയപ്പെട്ടു വശീകരിക്കപ്പെട്ടു എന്നാലൊ യൂദായുടെ പുത്രി നിങ്ങളെ സമ്മതിച്ചില്ല.

൫൮ എന്നാൽ ഏതു വൃക്ഷത്തിൻെറ കീഴെ അവർ കൂടിയിരിക്കുന്നതു നീ കണ്ടു എന്നു ഇപ്പോൾ ഞങ്ങളോടു പറക എന്നു പറഞ്ഞു ബാലൂത്താ വൃക്ഷത്തിൻ കീഴെന്നു ആ മൂപ്പൻ പറഞ്ഞു.

൫൯ ദാനിയേൽ അവനോടു നിൻെറ വ്യാജം നിൻെറ തലയിൽ തന്നെ ഇറങ്ങട്ടെ എന്തുകൊണ്ടെന്നാൽ ഇതാ! ദൈവത്തിൻെറ ദൂതൻ അവൻെറ വാളും അവനോടു കൂടെയുണ്ടു നിങ്ങളെ നശിപ്പിക്കത്തക്കവണ്ണം അവൻ നിങ്ങളെ നടുവെ പിളൎക്കും എന്നു പറഞ്ഞു.

൬൦ അപ്പോൾ [illegible]ട്ടമെല്ലാം മഹാശബ്ദത്തോടെ അട്ടഹാസിച്ചു തന്നിൽ ശരണപ്പെട്ടിരിക്കുന്നവരെ രക്ഷിക്കുന്ന ദൈവത്തിനു സ്തോത്രം ചെയ്തു.

൬൧ അവർ ആ രണ്ടു മൂപ്പന്മാൎക്കും വിരോധമായി എഴുനേററു എന്തുകൊണ്ടെന്നാൽ ദാനിയേൽ അവരുടെ കള്ളസാക്ഷിയെ അവരുടെ വായിൽ നിന്നു തന്നെ തെളിയിച്ചു മോശയുടെ ന്യായപ്രമാണത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം യൂദായുടെ പുത്രിയായ ശ്രൂശാൻെറ നേരെയുള്ള അവരുടെ ദുഷ്ട വഴിക്കുതക്കവണ്ണം അവരോടു ചെയ്തു.

൬൨ അവരെ കൊന്നു ആ ദിവസത്തിൽ കുററമില്ലാത്ത രക്തത്തെ രക്ഷിച്ചു.

൬൩ അപ്പോൾ ഹല്ക്കാനായും ഭാൎയ്യയും ദൈവത്തെ സ്തുതിച്ചു സ്തോത്രം ചെയ്തു. അവരുടെ പുത്രിയായ ശ്രൂശാനും തന്നിൽ വ്യഭിചാരത്തിൻെറ കാരണം കണ്ടെത്തപ്പെടായ്കകൊണ്ടു തൻെറ ഭൎത്താവായ യോയാക്കിമിനോടും എല്ലാ അയല്ക്കാരോടും കൂടെ സ്തുതിച്ചു.

൬൪ ആ ദിവസം മുതൽ ദാനിയേൽ ഇസ്രായേൽ ജനത്തിൻ മുമ്പാകെ വലിയവനായി തീൎന്നു.



Syrian Church.org

## ബീൽ എന്ന വിഗ്രഹത്തിന്റെ കഥ.

അസ്തിഗോസ് രാജാ
വു തന്റെ പിതാക്കന്മാ
രോടു കൂടെ ചേർപ്പെട്ടു
പാർസിക്കാരനായ കോറ
ശ അവന്റെ രാജ്യം
പ്രാപിച്ചു ദാനിയേലി
ന്റെ ബഹുമാനം രാജാ
വിന്റെതിനോടു തുല്യ
മായിരുന്നു അവൻ രാ
ജാവിനോടു കൂടെ വസി
ച്ചിരുന്നു രാജാവിന്റെ
സകല സ്നേഹിതന്മാരി
ലും അവൻ മഹിമയുള്ള
വനായും തീൎന്നു.

൨ എന്നാൽ ബാബേ
ൽകാൎക്കു ബീൽ എന്ന
നാമമുള്ള ഒരു വിഗ്രഹം
ഉണ്ടായിരുന്നു അതിനു
നിത്യവും പന്ത്രണ്ടു പറ
നേരിയ മാവും നാല്പതു
മുട്ടാടുകളും ആറു ചോത
ന വീഞ്ഞും ചിലവു ചെ
യ്യും വന്നു

൩ എന്നാൽ രാജാവ
അതിനെ ഭയപ്പെട്ടു എ
ല്ലാ ദിവസവും പോയി
അതിനെ വന്ദിച്ചിരുന്നു
ദാനിയേലൊ ദൈവ
ത്തെ വന്ദിച്ചിരുന്നു രാ
ജാവ ദാനിയേലിനൊടു
നീ എന്റെ ദൈവമായ
ബീലിനെ വന്ദിക്കാത്ത
തു എന്തുകൊണ്ടു എന്നു
പറഞ്ഞു.

൪ ദാനിയേൽ അവ
നോടു സ്വരൂപത്തെയും,
കൊത്തിയുണ്ടാക്കിയ
ബിംബങ്ങളെയും, വിഗ്ര
ഹങ്ങളെയും ഞാൻ വ
ന്ദിക്കുന്നില്ല എന്തെന്നാൽ
അവ മ[illegible]ഷ്യരുടെ കൈ
വേല[illegible]കുന്നു എന്നാ
ലൊ ഞാൻ ആകാശ
ത്തെയും ഭൂമിയേയും സൃ
ഷ്ടിച്ച ജീവനുള്ള ദൈ
വത്തെ ഭയപ്പെടുന്നു അ
വൻ സകല ജഡത്തി
നും കൎത്താവാകുന്നു അ
വനെ തന്നെ ഞാൻ വ
ന്ദിക്കയും ചെയ്യും എന്നു
പറഞ്ഞു.

൫ രാജാവ ദാനിയേ



ലിനോടു ബീൽ ജീവ
നുള്ള ദൈവമെന്നു നി
നക്കു കണ്ടു കൂടായൊ ഇ
താ അവൻ ദിനം പ്ര
തി ഇത്ര വളരെ ഭക്ഷി
ച്ചു കുടിക്കുന്നതു നീ കാ
ണുന്നില്ലയൊ എന്നു പ
റഞ്ഞു.

൬ അപ്പോൾ ദാനി
യേൽ പുഞ്ചിരിയിട്ടു രാ
ജാവിനോടു രാജാവെ!
നീ വഞ്ചിക്കപ്പെടരുതു
എന്തുകൊണ്ടെന്നാൽ ഇ
തു അകം കുശമണ്ണും പു
റം പിത്തളയും ആകുന്നു
അതു ഒരിക്കലുംഏതും ഭ
ക്ഷിക്കയും പാനം ചെ
യ്കയും ചെയ്തിട്ടില്ല എന്നു
പറഞ്ഞു.

൭ അപ്പോൾ രാജാവി
ന്റെ കോപം ജ്വലിച്ചു
ബീലിന്റെ പുരോഹി
തന്മാരെ വിളിച്ചു അവ
രോടു ഠരം ചിലവൊക്ക
യും ഭക്ഷിക്കുന്നതു ആ
രെന്നു എന്നോടു നിങ്ങ
ൾ പറകയില്ലെങ്കിൽ നി
ങ്ങൾ മരിക്കണം.

൮ എന്നാൽ ഇവയെ
ഒക്കെയും ബീൽ ഭക്ഷി
ക്കുന്നു എന്നു നിങ്ങൾ
എന്നെ കാണിക്കുമെങ്കി
ൽ ബീലിനു വിരോധ
മായി ദൂഷണം പറഞ്ഞ
തുകൊണ്ടു ദാനിയേൽ മ
രിക്കണം എന്നു പറ
ഞ്ഞു ദാനിയേൽ രാജാ
വിനോടു നിന്റെ വച
നപ്രകാരം ആകട്ടെ എ
ന്നു പറഞ്ഞു.

൯ എന്നാൽ ബീലി
ന്റെ ആചാൎയ്യന്മാർ അ
വരുടെ ഭാൎയ്യമാരും മക്ക
ളും ഒഴികെ എഴുപത
പേർ ആയിരുന്നു രാജാ
വും ദാനിയേലും ബീലി
ന്റെ ഭവനത്തിലേക്കു
വന്നു.

൰ ആചാൎയ്യന്മാർ രാ
ജാവിനൊടു കണ്ടാലും
ഞങ്ങൾ പുറത്തു പോകു
ന്നു രാജാവെ നീ ബീലി
നു ഭക്ഷണം നിരത്തി
വീഞ്ഞിനെയും കലൎത്തി
വെയ്ക്ക വാതിൽ അടച്ചു
നിന്റെ മോതിരം കൊ
ണ്ടു മുദ്ര ഇടുക.

൰൧ നീ അതികാല
ത്തെ വരിക ബീൽ ഇവ
യെല്ലാം ഭക്ഷിച്ചതായി
നീ കാണുന്നില്ലെങ്കിൽ
ഞങ്ങൾ മരിക്കട്ടെ ബീ
ൽ ഇവയെ ഭക്ഷിച്ചു എ
ങ്കിൽ ഞങ്ങൾക്കു വിരോ

ധമായി ദൂഷണം പറഞ്ഞവനായ ദാനിയേൽ മരിക്കണം.

൧൨ എന്നാൽ ഇവർ മേശക്കു കീഴെ ഒരു രഹസ്യവഴിയുണ്ടാക്കി അതിൽ കൂടി അകത്തു വരികയും പുറത്തു പോകയും ബീലിന്നു വയ്ക്കപ്പെടുന്ന സകലവും ഭക്ഷിക്കയും ശേഷിപ്പു എടുത്തു കൊണ്ടു പോകയും ചെയ്തിരുന്നതുകൊണ്ടു ധൈര്യപ്പെട്ടിരുന്നു എന്നാൽ ബീലിന്റെ എമ്പ്രാന്മാർ പുറത്തു പോയപ്പോൾ രാജാവ ഭക്ഷണസാധനങ്ങളെ വരുത്തി ബീലിന്റെ മുമ്പാകെ മേശ നിറച്ചു വച്ചു പതിവുപോലെ പാത്രങ്ങളിൽ വീഞ്ഞും നിറച്ചു അവൻ പുറത്തു പോകയും ചെയ്തു.

൧൩ ദാനിയേൽ തന്റെ ഭൃത്യന്മാരോടു ചാരം കൊണ്ടുവരുവിൻ എന്നു പറഞ്ഞു അവർ ചാരം കൊണ്ടുവന്നു അവൻ രാജാവിന്റെ മുമ്പാകെ ബീലിന്റെ ഭവനത്തിൽ ഒക്കയും അരിപ്പുമുറം കൊണ്ടു അതിനെ അരിച്ചിട്ടു രാജാവു കണ്ടു പുറപ്പെട്ടു വാതിൽ അടെച്ചു രാജാവു തന്റെ മോതിരം കൊണ്ടും ദാനിയേലിന്റെ മോതിരം കൊണ്ടും അതിന്നു മുദ്ര വച്ചു.

൧൪ എമ്പ്രാന്മാരും അവരുടെ ഭാര്യമാരും അവരുടെ മക്കളും പതിവുപോലെ ചെന്നു ബീലിന്നു വച്ചിരുന്ന സകലവും ഭക്ഷിച്ചു വീഞ്ഞും പാനം ചെയ്തു.

൧൫ രാജാവും തന്റെ കൂടെ ദാനിയേലും അതികാലത്തെ എഴുന്നേററു അവിടേക്കു പോയി.

൧൬ രാജാവു ദാനിയേലിനോടു ദാനിയേലെ മുദ്രകൾ ശരിയായിരിക്കുന്നുവൊ എന്നു പറഞ്ഞു ദാനിയേൽ എന്റെ യജമാനനായ രാജാവെ അങ്ങിനെ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞു.

൧൭ വാതിൽ തുറന്നു രാജാവു മേശമേൽ നോക്കി ബീലിന്നു വയ്ക്കപ്പെട്ടിരുന്ന സകലവും ഭക്ഷിച്ചിരിക്കുന്നു എന്നു



കണ്ടപ്പോൾ വാതിലിന്നു പുറത്തുനിന്നു മഹാ ശബ്ദത്തോടെ ബീലെ നീ വല്യവനാകുന്നു നിന്നിൽ വഞ്ചന ഇല്ല ഒട്ടുമില്ല എന്നു പറഞ്ഞു.

൧൮ അപ്പോൾ ദാനിയേൽ ചിരിച്ചു ക്ഷണത്തിൽ അകത്തു പ്രവേശിക്കാതെയിരിപ്പാൻ രാജാവിനെ പിടിച്ചു ദാനിയെൽ രാജാവിനോടു രാജാവായ എന്റെ യജമാനനെ നിലത്തു നോക്കി ഠരം കാലടികൾ ആരുടെ ആകുന്നു എന്നു വിചാരിക്ക എന്നു പറഞ്ഞു.

൧൯ രാജാവു നിലത്തു പുരുഷന്മാരുടെയും സ്ത്രീകളുടെയും പൈതങ്ങളുടെയും കാലടികൾ ഞാൻ കാണുന്നു എന്നു പറഞ്ഞു അപ്പോൾ രാജാവിന്നു കോപം ജ്വലിച്ചു.

൨൦ അവൻ എമ്പ്രാന്മാരെയും അവരുടെ സ്ത്രീകളെയും അവരുടെ മക്കളേയും പിടിച്ചു അവർ അതിൽ കൂടി ഗമനാഗമനം ചെയ്കയും മേശമേൽ ബീലിന്നു വയ്ക്കപ്പെട്ടുന്ന സകലത്തേയും ഭക്ഷിക്കയും ചെയ്തിരുന്ന രഹസ്യ വഴി രാജാവിനെ കാണിച്ചു.

൨൧ രാജാവു അവരെ എല്ലാവരേയും കൊന്നു. ബീലിനെ ദാനിയേലിന്നു സമ്മാനമായി കൊടുത്തു ദാനിയേൽ അതിനെ തകൎത്തു അതിന്റെ ആലയത്തെ ഇടിച്ചുകളകയും ചെയ്തു.

## പെരുമ്പാമ്പിന്റെ കഥ.

൨൨ എന്നാൽ പിന്നെയും ബാബേൽകാർ വന്ദിച്ചിരുന്ന ഒരു പെരുമ്പാമ്പ അവിടെ ഉണ്ടായിരുന്നു.

൨൩ രാജാവു ദാനിയേലിനോടു ഇപ്പോൾ ഇതൊരു ദൈവമല്ലെന്നു ഇതിനെ കുറിച്ചു പറവാൻ നിനക്കു കഴികയില്ല അതു ജീവനുള്ള ദൈവമാകകൊണ്ടു നീ അതി

ന്നെ വന്ദിക്കണം എന്നു പറഞ്ഞു.

൨൪ ദാനിയേൽ രാജാവിനോടു ഞാൻ എന്റെ ദൈവമായ കൎത്താവിനെ വന്ദിക്കും എന്തുകൊണ്ടെന്നാൽ താൻ ജീവനുള്ള ദൈവമാകുന്നു.

൨൫ എന്നാൽ രാജാവെ നീ ഇനിക്കു അതിന്മേൽ അധികാരം തരിക, വാളും വടിയും കൂടാതെ ആ പെരുമ്പാമ്പിനെ ഞാൻ കൊല്ലാം എന്നു പറഞ്ഞു. രാജാവു അവനോടു നിനക്കു അനുവാദം തന്നിരിക്കുന്നു എന്നു പറഞ്ഞു.

൨൬ ദാനിയേൽ കീലും രോമവും മൃഗകൊഴുപ്പും എടുത്തു അവയെ ഒരുമിച്ചു പാകംചെയ്തു ഉരുട്ടി പെരുമ്പാമ്പിന്റെ വായിൽ അവയെ ഇട്ടു പെരുമ്പാമ്പ അവയെ വിഴുങ്ങി വയറുപൊട്ടി ചത്തു. ദാനിയേൽ ബാബേൽക്കാരേ! ഇതാ നിങ്ങൾ ആരാധിച്ചതിനെ നോക്കുവിൻ എന്നു പറഞ്ഞു.

൨൭ എന്നാൽ ബാബേൽകാർ ഇതു കേട്ടപ്പോൾ അവൎക്കു എത്രയും അനിഷ്ടമായി അവർ രാജാവിനു വിരോധമായി കൂടി അവനു വിരോധമായി തമ്മിൽ തമ്മിൽ പറഞ്ഞു: രാജാവു ഒരു യൂദനായി തീൎന്നു ബീലിനെ തകൎത്തു ഇതാ പെരുമ്പാമ്പിനെയും ആചാൎയ്യന്മാരെയും കൊന്നുകളഞ്ഞു

൨൮ അവർ രാജാവിന്റെ അടുക്കൽ വന്നു അവനോടു ദാനിയേലിനെ ഞങ്ങൾക്കു ഏല്പിച്ചു തരിക, അല്ലെങ്കിൽ ഞങ്ങൾ നിന്നെയും നിന്റെ ഭവനക്കാരെയും കൊല്ലും എന്നു പറഞ്ഞു.

൨൯ അവർ എല്ലാവരും അവനു വിരോധമായി ഒരുമിച്ചു എഴുന്നേററിരിക്കുന്നു എന്നും അവൻ ഉപദ്രവത്തിലായിരിക്കുന്നു എന്നും രാജാവ കണ്ടു വിമ്മിഷ്ടത്തോടുകൂടെ ദാനിയേലിനെ അവൎക്കു ഏല്പിച്ചു കൊടുത്തു.

൩൦ എന്നാൽ അവർ ദാനിയേലിനെ കൊണ്ടുപോയി സിംഹങ്ങളുടെ



ഗുഹയിൽ ഇട്ടു സിംഹങ്ങൾ പട്ടിണി കിടന്നു അവനെ ഭക്ഷിപ്പാനായിട്ടു ആറു ദിവസം അവിടെ ആക്കപ്പെട്ടിരുന്നു.

൩൧ എന്നാൽ ആ ഗുഹയിൽ ഏഴു സിംഹങ്ങൾ ഉണ്ടായിരുന്നു ദിവസംതോറും അവെക്കു രണ്ടു ശവങ്ങളേയും രണ്ടു മുട്ടാടുകളെയും കൊടുത്തുവന്നു അവ പട്ടിണികിടന്നു ദാനിയേലിനെ തിന്നുകളവാനായിട്ടു ഈ ദിവസങ്ങളിൽ ഏതും അവെക്കു തിൻ കൊടുത്തിരുന്നില്ല.

൩൨ എന്നാൽ യൂദിൽ ഹബക്കുക്ക് എന്നു ഒരു ദീൎഘദൎശി ഉണ്ടായിരുന്നു അവൻ ഭക്ഷണം പാകംചെയ്തു ഒരു കൊട്ടയിൽ അപ്പം നുറുക്കിയിട്ടു കൊയിത്തുകാരുടെ അടുക്കൽ വയലിലേക്കു പോയിരുന്നു.

൩൩ കൎത്താവിന്റെ ദൂതൻ അവനോടു നിന്റെ കയ്യിലുള്ള ഠരം ആഹാരം ബാബേലിൽ സിംഹകുഴിയിൽ കിടക്കുന്ന ദാനിയേലിനു കൊണ്ടുപോയി കൊടുക്ക എന്നു പറഞ്ഞു.

൩൪ ഹബക്കുക്ക് എന്റെ കൎത്താവെ ഞാൻ ബാബേൽ കണ്ടിട്ടില്ല ഗുഹയെ അറികയും ഇല്ല എന്നു പറഞ്ഞു.

൩൫ ദൈവദൂതൻ ഹബക്കുക്കിന്റെ തലയിലേക്കു കൈ നീട്ടി തലമുടിക്കു പിടിച്ചു എടുത്തു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ബാബേലിലെ ഗുഹയിങ്കൽ നിൎത്തി

൩൬ അപ്പോൾ ഹബക്കുക്ക് ദാനിയേലെ ദാനിയേലെ നീ എഴുന്നേററു ദൈവം നിനക്കായിട്ടു അയിച്ചിരിക്കുന്ന ഠരം ആഹാരത്തെ എടുത്തുകൊൾക എന്നു വിളിച്ചു പറഞ്ഞു.

൩൭ ദാനിയേൽ ദൈവം എന്നെ ഓൎത്തു എന്നിൽ നിന്നു തന്റെ കരുണകളെ താൻ വിട്ടുകളഞ്ഞില്ല: എന്തെന്നാൽ നിന്നെ സ്നേഹിക്കുന്നവരെ നീ ഉപേക്ഷിക്കയില്ല എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു.

൩൮ ദാനിയേൽ എഴു

syrianchurch.org

നേറവു ഭക്ഷിച്ചു ആ നാ
ഴികയിൽ തന്നെ ദൈവ
ദൂതൻ ഹബക്കൂക്കിനെ
എടുത്തു മുമ്പെ അവനെ
എടുത്ത സ്ഥലത്തു നി
റുത്തി.

൩൯ എന്നാൽ രാജാ
വ ദാനിയേലിനെ പ
ററി ഖേദിച്ചിരുന്നതുകൊ
ണ്ടു ദാനിയേലിനെ കു
റിച്ചു കരവാനായിട്ടു ഗു
ഹയുടെ അടുക്കലേക്കു
ഏഴാം ദിവസം വന്നുഗു
ഹയിൽ നോക്കി ദാനി
യേൽ സിംഹങ്ങളുടെ മ
ദ്ധ്യേ ഇരിക്കുന്നതുകണ്ടു

൪൦ അവൻ മഹാ ശ
ബ്ദത്തോടെ ദാനിയേലി
ൻെറ ദൈവം വല്യവ
നാകുന്നു എന്നു പറഞ്ഞു
ദാനിയേലിനെ ഗുഹയി
ൽനിന്നു കരേററി.

൪൧ ദാനിയേലിനെകു
റിച്ചു അപവാദം പറ
ഞ്ഞു അവനെ കൊല്ലുന്ന
തിനു അപേക്ഷിച്ചവൈ
രികളെ ആ ഗുഹയിൽ
ഇട്ടു ഉടൻ തന്നെ രാജാ
വിൻെറയും ദാനിയേലി
ൻെറയുംമുമ്പാകെസിംഹ
ങ്ങൾ അവരെ ഭക്ഷിച്ചു.

൪൨ (അപ്പോൾ രാജാ
വു ഭൂമിയിലെ കുടിയാ
ന്മാരൊക്കയും ദാനിയേ
ലിൻെറ ദൈവത്തെ ഭ
യപ്പെടട്ടെ എന്തുകൊ
ണ്ടെന്നാൽ അവൻ ര
ക്ഷിതാവും ഭൂമിയിൽ അ
ത്ഭുതങ്ങളേയും അടയാള
ങ്ങളേയും കാണിക്കുന്ന
വനും സിംഹങ്ങളുടെ ഗു
ഹയിൽനിന്നു ദാനിയേ
ലിനെ രക്ഷിച്ചവനും
ആകുന്നു എന്നു പറ
ഞ്ഞു.)

——:o:——

# Book of Tobit

The **Book of Tobit** is a book of scripture that is part of the Catholic and Orthodox biblical canon. *Tobit* is regarded by Protestants as apocryphal because it has never been included within the *Tanakh* and considered canonical by ancient Judaism. However, it is found in the Greek Old Testament (the Septuagint), and Aramaic and Hebrew fragments of the book are in the Dead Sea Scrolls, which were discovered in Cave IV at Qumran in 1952. These fragments are in agreement with the Greek text, which exists in three different recensions.

## *Date of composition*

It is generally believed that the book was written in the 2nd century BC, on the basis of the scrupulous attention to ritual details and the stress laid upon giving alms. However, neither the date nor location of composition is certain. The setting of the story is the 8th century BC, and it was traditionally thought that it was written at that time.

The book was possibly originally written in one of the forms of the Aramaic language. Jerome described his version for the Vulgate as being made from an Aramaic text available to him. Four fragmentary texts in Aramaic and one in Hebrew were found at Qumran.

The surviving Greek translations are found in two versions. The shorter form, called Greek I by Robert Hanhart in his edition of the Septuagint, is found in Codex Vaticanus, Alexandrinus, Venetus, and most cursive manuscripts. The Greek II version, which is 1700 words longer, is found in Codex Sinaiticus and closely aligns with the Hebrew and Aramaic fragments found at Qumran. Apparently the Old Latin (La) manuscripts are also translated from the longer Greek II version. Most English translations since 1966 have relied on the Greek II version.

## *Significance*

The book is also closely related to Jewish wisdom literature; nowhere is this more clear than in Tobit's instructions to Tobias before his departure for Media in chapter 4. The value of prayer, fasting, and almsgiving is particularly praised in this instruction; in the Latin rite, readings from this section in are often used in the liturgy. Because of the book's praise for the purity of marriage, it is often read during weddings in many rites.

Doctrinally, the book is cited for its teaching on the intercession of angels, filial piety, and reverence for the dead.

## *Narrative*

This book tells the story of a righteous Israelite of the Tribe of Naphtali named **Tobit** living in Nineveh after the deportation of the northern tribes of Israel to Assyria in 721 BC under Sargon II. (The first two and a half chapters are written in the first person.) He is particularly noted for his diligence in attempting to provide proper burials for fallen Israelites who have been slain by Sennacherib, for which the king seizes all his property and exiles him. After Sennacherib's death, he is allowed to return to Nineveh, but buries a man who had been murdered on the street. That night, he sleeps in the open and is blinded by bird droppings that fall in his eyes. This puts a strain on his marriage, and ultimately, he prays for death.

Meanwhile, in faraway Media, a young woman named Sarah prays for death in despair. She has lost seven husbands to the demon of lust, Asmodeus, who abducts and kills every man she marries on their

wedding night before the marriage can be consummated. God sends the archangel Raphael, disguised as a human, to heal Tobit and to free Sarah from the demon.

The main narrative is dedicated to Tobit's son, Tobiah or Tobiyah (Greek: Τωβίας/Tobias), who is sent by his father to collect a sum of money that the latter had deposited some time previously in the far off land of Media. Raphael represents himself as Tobit's kinsman Azariah, and offers to aid and protect Tobias on his journey. Under the guidance of Raphael, Tobias makes the journey to Media, accompanied by his dog.

Along the way, he is attacked by a giant (or little) fish, whose heart, liver and gall bladder are removed to make medicines.

Upon arriving in Media, Raphael tells Tobias of the beautiful Sarah, whom Tobias has the right to marry, because he is her cousin and closest relative. He instructs the young man to burn the fish's liver and heart to drive away the demon when he attacks on the wedding night.

The two are married, and the fumes of the burning organs drive the demon away to Upper Egypt, while Raphael follows him and binds him. Meanwhile, Sarah's father has been digging a grave to secretly bury Tobias (who he assumes will be dead). Surprised to find his son-in-law alive and well, he orders a double-length wedding feast and has the grave secretly filled. Since he cannot leave because of the feast, Tobias sends Raphael to recover his father's money.

After the feast, Tobias and Sarah return to Nineveh. There, Raphael tells the youth to use the fish's gall to cure his father's blindness. Raphael then reveals his true identity and returns to heaven. Tobit sings a hymn of praise.

He tells his son to leave Nineveh before God destroys it according to prophecy. After the prayer, Tobit dies at an advanced age. After burying his father, Tobias returns to Media with his family.

*Source: Wikipedia*